# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 1 ലക്കം 11 പേജുകൾ 41 മാർച്ച് 2021



ഇനി അങ്കത്തട്ടിൽ

റിഥം ഓഫ് ലൈഫ്

വി.പി.ജോൺസിന്റെ കാവ്യാഞ്ജലി

ഇരുപത് കവിതകൾ

മുഖച്ചിത്രം: കെ.വി.സുമിത്ര

# എഡിറ്റേഴ്സ് പേജ്



'വ്യാപാരകേരളം' പുസ്തകപ്രസാധനരംഗത്തും ചുവടുറപ്പിക്കുകയാണ്. മുപ്പതാണ്ടുകൾക്ക് മുമ്പ്, ഏതാനും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് നിലച്ചുപോയ, 'ഈലിയ ബുക്സ്' ഏറ്റെടുത്ത്, പുതിയ കാലത്തിനനുസൃതമായ പ്രസാധനസംരംഭമാക്കുന്നു.

സോഷ്യൽ മീഡിയയിൽ, മികച്ച രചനകൾ പങ്കുവയ്ക്കുന്ന ഏറെ പേരുണ്ട്. പ്രിന്റ് മീഡിയയിൽ ഇടംകിട്ടാത്തവരാണ് ഇവരിൽ അധികവും. അതുകൊണ്ടുതന്നെ, പുസ്തകപ്രസാധകർ ഇവരുടെ രചനകൾ സ്വീകരിക്കുന്നതിൽ വിമുഖരാണ്. സോഷ്യൽ മീഡിയയിൽ സജീവമായവരെയാണ്, വ്യാപാരകേരളം മാസിക ഹൈലൈറ്റ് ചെയ്തുവരുന്നത്. പുസ്തക പ്രസാധനത്തിലും ഈ നയമായിരിക്കും പിന്തുടരുക. ഒരു സമാഹാരത്തിനുള്ള രചനകൾ സ്വന്തമായുള്ളവർക്ക്, ഈലിയ ബുക്സിനെ സമീപിക്കാം.

വ്യാപാരകേരളം സംഘടിപ്പിച്ച കഥാമത്സരത്തിൽ 171 പേരുടെ രചനകളാണ് ലഭിച്ചത്. ഇതിൽനിന്നും 40 രചനകൾ ഷോർട്ട് ലിസ്റ്റ് ചെയ്തു. ഇവ പരിശോധിച്ചുവരികയാണ്. മാർച്ച് രണ്ടാം വാരം ഫലപ്രഖ്യാപനം നടത്തുക എന്നതാണ് ലക്ഷ്യം.

പുതിയ ലക്കത്തിൽ, നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട്, ഒരു സമഗ്ര അവലോകനം ചേർത്തിട്ടുണ്ട്. പ്രശസ്ത പത്രപ്രവർത്തകനായ ഫ്രാങ്കോ ലൂയിസാണ് സാധ്യതകൾ വിലയിരുത്തുന്നത്. 'റിഥം ഓഫ് ലൈഫ്' എന്ന പംക്തിയും കഥകളും കവിതകളും പുതിയ ലക്കത്തെ സമ്പന്നമാക്കുന്നു.

നോവലിസ്റ്റും കഥാകാരനുമായ വി.പി.ജോൺസിന്റെ കാവ്യാഞ്ജലിയാണ് മറ്റൊരു വിശേഷ രചന. പ്രിയതമയുടെ ഓർമയ്ക്ക് കാവ്യപുഷ്പം സമർപ്പിക്കുന്ന രചന, ഊഷ്മള പ്രണയഭാവം കൊണ്ടത്രേ ഹൃദ്യമാകുന്നത്.

**-സി.ആർ.രാജൻ,**
എഡിറ്റർ



**മുഖച്ചിത്രം: കെ.വി.സുമിത്ര**

ഡോ. കെ.വി.സുമിത്ര: പത്രപ്രവർത്തക, അധ്യാപിക.ചേംബർ ഓഫ് കോമേഴ്സ് CEO ആയിരുന്നു. വേൾഡ് ആർട്ട് കഫെ മാഗസിൻ ചീഫ് എഡിറ്റർ. സൃഷ്ടി മീഡിയ എന്ന ദൃശ്യ മാധ്യമ സ്ഥാപനത്തിന്റെ ചെയർമാൻ & മാനേജിങ് ഡയറക്ടർ.

3 കവിതാസമാഹാരങ്ങളും അനുഭവം യാത്ര ഓർമക്കുറിപ്പും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശരീരം ഇങ്ങനെയും വായിക്കാം (ഡിസി ബുക്സ് ), വേര് തൊടും നിലാവ് (ഡിസി ബുക്സ്), നിറങ്ങളിൽ പെയ്യുന്ന തോരാമഴ, (സൈകതം ബുക്സ്), അവളെഴുത്ത് (ഫേബിയൻ ബുക്സ്) എന്നിവ കൃതികൾ. കവിതാ സമാഹാരം - വിരൽപ്പറവകൾ അച്ചടിയിൽ. നെതെർലാൻഡ്ന്റ്സ് മീഡിയ അക്കാദമിയുടെ രാജ്യാന്തര ഫെൽലോഷിപ്പും അമേരിക്കൻ റോയൽ യൂണിവേഴ്സിറ്റിയുടെ മീഡിയ ഡോക്ടറേറ്റും കിട്ടിയിട്ടുണ്ട്. മികച്ച കവിതാപുസ്തകത്തിനുള്ള എഴുത്തോല പുരസ്കാരം, ദേശിയ മനുഷ്യാവകാശ സംഘടനയുടെ അവാർഡ് എന്നിവയും നേടി. ഭർത്താവ്: സത്യനാരായണൻ, 2 മക്കൾ. ആദർശ്, ഐശ്വര്യ. ഇടപ്പള്ളിയിൽ സ്ഥിരതാമസം.


ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി.ആർ.രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**

# പ്രാകൃതം

മനുഷ്യന്
അസഹ്യമായത്
വിശപ്പും
ദാഹവും മാത്രമാണ്.

ഒന്ന് ശരീരത്തിനും
മറ്റൊന്ന് ആത്മാവിനും,

വിശക്കുന്നവന്
ദാഹിക്കാത്ത
പ്രകൃതം.

വയറു നിറഞ്ഞവർ മാത്രം
ഓർത്തെടുക്കുന്ന
ദാഹത്തിന്
ഇരുളും വെളിച്ചവും
തിരിച്ചറിയാത്ത വിധം
വേറിട്ടു നിൽക്കും.



ഷാനവാസ് കുലുക്കല്ലൂർ

## അകത്താളുകളിൽ


**ലേഖനം/പംക്തി:**

ഫ്രാങ്കോ ലൂയിസ്: പേജ് 6
തേജശ്രീ: പേജ് 9
ശ്രീജ വിജയൻ: പേജ് 12

**കഥ**

ദിവ്യ സി.ആർ പേജ് 14
പി.രഘുനാഥ് പേജ് 16
കല്യാണി പേജ് 17
നിത്യലക്ഷ്മി പേജ് 18
നസീർ വലിയവിള പേജ് 19
ബിന്ദു മാത്യു പേജ് 21

**കവിത**

ഷാനവാസ് കുലുക്കല്ലൂർ പേജ് 3
എ.കെ.അനിൽകുമാർ പേജ് 23
നസീം ചെന്ത്രാപ്പിന്നി പേജ് 24
ദീപ്തി കൈരളി പേജ് 25
സുരേഷ് നാരായണൻ പേജ് 26
സെയ്തലവി വിളയൂർ പേജ് 27
മഞ്ജു സുഭാഷ് പേജ് 28
സോണി വർഗീസ് വാരനാട് പേജ് 29
ശ്രീജ വാരിയർ പേജ് 30
കെ.സന്തോഷ് പേജ് 31
ബിന്ദു പത്മകുമാർ പേജ് 32
എം.കപിൽദേവ് പേജ് 33
ടി.പി.രാധാകൃഷ്ണൻ പേജ് 34
വിനീത ബിജു പേജ് 35
സുനിൽരാജ് സത്യ പേജ് 36
വിനോദ് വി. ദേവ് പേജ് 37
സുനി പേജ് 38
സുധീഷ് സുബ്രഹ്മണ്യൻ പേജ് 39
കെ.ആർ.സുശീലൻ പേജ് 40
കെ.വി.സുമിത്ര പേജ് 41



# എന്റെ പ്രിയതമയ്ക്ക് സസ്നേഹം

പ്രിയതമയുടെ ഓർമയിൽ
**വി.പി.ജോൺസ്**



പ്രിയയേ നിന്റെ വദനം
മനോജ്ഞമാം പനീർമൊട്ട്
നീയെൻ സ്നേഹസാഗരം
നിൻമിഴിയിണ വെൺമുകിൽ
നിൻ അധരം മധു ചഷകം
നിൻ കൂന്തൽ കാർമുകിൽ
നീയെൻ നിത്യതാരകം
നിൻ ഫാലം ചന്ദനശീതളം
നിൻ ഉടൽ നൽമണിവീണ
നിൻ ശിരോതല്പം മയിൽപ്പീലി
വസന്ത ഋതു, എൻ പൊൻമാൻ നീ
നീ പവിത്രചിത്തത്തിനുടമ
നീ സത്യധർമ്മചാരിണി
നീതി തൻ ദേവദൂതിക
നീ മധുവൂറും മധുരചന്ദ്രിക
നിൻ വചസ്സോ ദേവാമൃതം
നിൻ പാണിയിൽ പവിഴമുത്തുകൾ
നിൻ സ്വരധാരയോ, സത്യം
പുണ്യനദിയിൻ ഹർഷാരവം.
നീയെൻ ഹൃദയസ്പന്ദനം
നീയെൻ മാടപ്പിറാ
വരുക മലർപ്പൂങ്കാറ്റേ
വരുക ദേവസൂനുവിൻ പ്രിയേ
വരുമൊരു വട്ടം കൂടി നീ
പൂങ്കുളിരേ പവിഴമലരേ
പവിത്രജന്മമേ പാവനചരിതേ
സാഗര ശൈല നിനവേ
സർവേശനു പ്രിയയാം നീ
അശാന്തമെൻ ഹൃത്തടം
അരുവേ വേഗമണയൂ നീ
ഒന്നുകൂടി പിണങ്ങുവാൻ,
ഓമലേ എൻ പൊന്നിയേ

കവിത

# ചാരുഹാസിനി

**വി.പി.ജോൺസ്**

നീ, കവർന്നു ഹാ! നൂനമെൻ മാനസം
ഗാഢപ്രേമവിലോലയാം കന്യകേ
പ്രാണനിൽ പ്രണയസാന്ദ്ര നീ നിർണ്ണയം
പ്രാണപ്രേയസ്സി ചിത്തം കുളിർപ്പിതേ
ചാരെ നീ വന്നണഞ്ഞിടും വേളയിൽ
ചാരുഹാസിനി, ഹൃദയം തുടിപ്പുതേ
എത്ര തീവ്രമായാഗ്രഹിക്കുന്നു ഞാൻ
ഏണ ലോചനേ, നിന്നിലണയുവാൻ
അർഥിച്ചു കൊൾവു, അൻപു പൊഴിച്ചു നീ
ആത്മപ്രിയേ, നീ എൻ സുരദേവതേ
പല്ലവസമം മൃദുലം കരവല്ലരി
പാരിജാതമലർ സുഗന്ധിനീ
തേൻമണിച്ചുണ്ടിലഞ്ചിടും സുസ്മിതം
ആനന്ദാമൃത രാഗസൗരഭ്യവും
അവികലാമോദ വാസന്തഗീതകം
അപാതമധു മധുരം വചസ്സുധ
കാമിനി മണി കൈവല്യ സുഭഗയേ
കാതരമിഴി കല്യാണ രൂപിണി
ഹാ! സുരഭില സൗന്ദര്യധാമമേ
ഹരിതരാഗ പരാഗ പരിമളേ
നിന്നിലെത്താനെൻ ചിത്തം തുടിപ്പതെൻ
നിർമ്മലചിത്തേ നീ ശ്രവിച്ചിടുമോ?



**നിയമസഭാ തെരഞ്ഞെടുപ്പിനു കാഹളം മുഴങ്ങി. കേരളത്തിൽ മാത്രമല്ല, തമിഴ്നാട്, പശ്ചിമ ബംഗാൾ, ആസാം, പുതുച്ചേരി എന്നീ സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പാണ്.**
**ഇനി ഒറ്റ മാസം അങ്കംതന്നെ.**



# ഇനി അങ്കത്തട്ടിൽ



ഫ്രാങ്കോ ലൂയിസ്

**നി**യമസഭാ തെരഞ്ഞെടുപ്പിനു കാഹളം മുഴങ്ങി. കേരളത്തിൽ മാത്രമല്ല, തമിഴ്നാട്, പശ്ചിമ ബംഗാൾ, ആസാം, പുതുച്ചേരി എന്നീ സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പാണ്. ഇനി ഒറ്റ മാസം അങ്കം തന്നെ.

സ്ഥാനാർഥി നിർണയത്തിനും പ്രചാരണത്തിനുമെല്ലാമായി രണ്ടു മാസത്തോളം സാവകാശം ലഭിച്ചിരുന്നതാണ്. കോവിഡ് പശ്ചാത്തലത്തിൽ ഇക്കുറി നടപടിക്രമങ്ങളെല്ലാം ഒരു മാസംകൊണ്ട് പൂർത്തിയാക്കുന്ന വിധത്തിലാണ് തെരഞ്ഞെടുപ്പു കമ്മീഷൻ വോട്ടെടുപ്പു തീയതികൾ പ്രഖ്യാപിച്ചത്. അടുത്ത മാസം ആദ്യവാരത്തോടെ എല്ലാം പൂർത്തിയാകും. നാമനിർദേശ പത്രിക സമർപ്പണം ഈ മാസം 19 മുതൽ. വോട്ടെടുപ്പ് ഏപ്രിൽ ആറിന്. വോട്ടെണ്ണുന്നത് ഒരു മാസത്തോളം കഴിഞ്ഞ് മേയ് രണ്ടിന്.

മുന്നണികളിലെ സീറ്റു വിഭജനംതന്നെ കീറാമുട്ടിയായിരിക്കേയാണ് ഒരാഴ്ചയ്ക്കുള്ളിൽ അതെല്ലാം പൂർത്തിയാക്കേണ്ട അവസ്ഥ തെരഞ്ഞെടുപ്പു കമ്മീഷൻ ഒരുക്കിയത്. എൽഡിഎഫിൽ പുതുതായി എത്തിയ പാർട്ടികൾക്കു കൂടി സീറ്റു നൽകണം. യുഡിഎഫിൽ ജോസഫ് ഗ്രൂപ്പ് തർക്കത്തിലാണ്. വിട്ടുപോയ പാർട്ടികളുടെ സീറ്റുകൾ കൈക്കലാക്കലാക്കാനാണ് കോൺഗ്രസിന്റെ ശ്രമം.

സ്ഥാനാർഥിക്കുപ്പായം തേടി എല്ലാ പാർട്ടികളിലും പടയോട്ടമാണ്. പണ്ടു കമ്യൂണിസ്റ്റു പാർട്ടികളിൽ അങ്ങനെയൊന്ന് ഇല്ലായിരുന്നു. കഴിഞ്ഞ തവണ മുതൽ അവിടേയും തുടങ്ങി ചരടുവലികളും പാരപ്പണികളും. നിയമസഭയിൽ 25 വർഷം പിന്നിട്ടവരെ മൽസര രംഗത്തുനിന്ന് മാറ്റാനാകാതെ വിഷമിക്കുന്ന കോൺഗ്രസിൽ ഇളംമുറക്കാരും വനിതകളും മൂവർണക്കൊടി താഴ്ത്തിക്കെട്ടി കലാപക്കൊടി ഉയർത്തുന്ന സ്ഥിതിയാണ്.

മൂന്നിലേറെ തവണ മൽസരിച്ചവരെ മാറ്റി നിർത്തണമെന്നാണ് സിപിഎമ്മും സിപിഐയും പൊതു നിലപാടെടുത്തത്. എന്നാൽ തലയെടുപ്പുള്ള നേതാക്കൾക്ക് ഇതു ബാധകമാകില്ല. ആരെല്ലാം അണിയറയിലേക്കു പിന്തള്ളപ്പെടും, ഏതെല്ലാം പുതുമുഖങ്ങൾ കലങ്ങിത്തെളിഞ്ഞ് പൊങ്ങിവരും. കണ്ടറിയണം. വിജയസാധ്യത തന്നെയാണ് എല്ലാ പാർട്ടികളും സ്ഥാനാർഥിത്വത്തിന്റെ മുഖ്യ മാനദണ്ഡമാക്കുന്നത്. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള സമയം രണ്ടാഴ്ചയ്ക്കകം തുടങ്ങും. സാവകാശം കുറവായതിനാൽ സ്ഥാനാർഥി നിർണയം അതിവേഗം പൂർത്തിയാക്കേണ്ടിവരും.

നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി കേരളത്തിൽ പതിവുപോലെ ഉദ്ഘാടന മേളകളായിരുന്നു. അവയ്ക്കെല്ലാം കഴിഞ്ഞയാഴ്ചയാണ് കൊടിയിറങ്ങിയത്. എൽഡിഎഫ് സർക്കാർ നടപ്പാക്കിയ അനേകം വികസന പദ്ധതികളുടെ ഉദ്ഘാടനം. കോവിഡ് നിയന്ത്രണങ്ങളുടെ പേരിൽ ഉദ്ഘാടനത്തിനു ലക്ഷങ്ങൾ ചെലവിട്ടുള്ള മാമാങ്കങ്ങളില്ല. എന്നാൽ ഉദ്ഘാടന വിളംബരവുമായി മാധ്യ



മങ്ങളിൽ ഗംഭീര പരസ്യങ്ങളുണ്ട്. കോടികളാണ് ഓരോ ദിവസവും ഈയിനത്തിൽ സംസ്ഥാന സർക്കാർ ചെലവാക്കുന്നത്.

തെരഞ്ഞെടുപ്പു പ്രഖ്യാപനത്തിനു മുമ്പേ മുന്നണികളെല്ലാം അങ്കത്തിനു കളമൊരുക്കിയത് യാത്രകളിലൂടെയാണ്. പ്രവർത്തകരേയും ജനത്തേയും ഇളക്കി മറിച്ചു നടത്തിയ യാത്രകൾ. ഓരോ ജാഥയും നയിച്ച മുന്നണി നേതാക്കൾ അതതു പ്രദേശത്തെ പൗരപ്രമുഖർ, സാമുദായിക നേതാക്കൾ, വാണിജ്യ വ്യവസായ രംഗത്തെ പ്രമുഖർ തുടങ്ങിയവരുമായെല്ലാം കൂടിക്കാഴ്ചകൾ നടത്തി. അവരുടെ പരാതികൾ കേട്ടു. ഒപ്പമുണ്ടാകുമെന്നു സന്ദേശം നൽകിക്കൊണ്ടാണ് അവരുടെ യാത്ര ഓരോ ജില്ലയിലും കടന്നുപോയത്. നിയമസഭാ പ്രഖ്യാപനത്തിനു മുമ്പേ, അഖിലേന്ത്യാ നേതാക്കളെ കളത്തിലെത്തിച്ച് പരസ്യ പ്രചാരണത്തിനു തുടക്കം കുറിച്ചിരിക്കുകയാണ്.

ഐക്യജനാധിപത്യ മുന്നണി പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ നടത്തിയ ഐശ്വര്യ കേരളയാത്ര. ഭരണം കിട്ടിയാൽ ഐശ്വര്യം കൊണ്ടുവരുമെന്നാണ് അവരുടെ അവകാശവാദം. എൽഡിഎഫ് ഭരണത്തിലെ അഴിമതികൾക്കെതിരേ കടന്നാക്രമണം നടത്തിയും ജനവികാരം ഉണർത്തിയുമാണ് ഈ യാത്ര. തിരുവനന്തപുരത്തെ സമാപന സമ്മേളനത്തിനു രാഹുൽഗാന്ധി നടത്തിയ പ്രസംഗം വിവാദമാകുകയും ചെയ്തു.

എൽഡിഎഫ് രണ്ടു ജാഥകളുമായാണ് മുന്നേറിയത്. വടക്കൻ ജാഥയും തെക്കൻ ജാഥയും. സംസ്ഥാനത്തു നടത്തിയ വികസനങ്ങളുടെ വിളംബരം, ഒപ്പം തുടർഭരണത്തിൽ വികസനത്തുടർച്ച എന്ന വാഗ്ദാനവുമായാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജാഥകൾ നാടിനെ ഇളക്കി മറിച്ചത്.

മൂന്നാമതൊരു ജാഥ നയിച്ചത് മൂന്നാം മുന്നണിയായ എൻഡിഎ അല്ല, മുന്നണിക്കു നേതൃത്വം നൽകുന്ന ബിജെപിയായിരുന്നു. ബിജെഡിഎസ് അടക്കമുള്ള എൻഡിഎ ഘടകക്ഷികൾ ഇതിൽ അതൃപ്തി പ്രകടിപ്പിച്ചെങ്കിലും അവരെല്ലാം ബിജെപി യാത്രയുമായി സഹകരിച്ചു. ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ നയിച്ച ജാഥയെ അഭിവാദ്യം ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും കേന്ദ്ര മന്ത്രി പ്രഹ്ളാദ് ജോഷിയുമെല്ലാം എത്തി.

തെരഞ്ഞെടുപ്പു ഗോദായിൽ ആരോപണങ്ങളും പ്രത്യാരോപണങ്ങളും വികസന ചർച്ചകളുമെല്ലാം മുറുകും. ഈ വിഷയങ്ങളേക്കാൾ, കോവിഡിന്റെ വറുതിയകറ്റാൻ സർ

**ഐക്യജനാധിപത്യ മുന്നണി പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ നടത്തിയ ഐശ്വര്യ കേരളയാത്ര. ഭരണം കിട്ടിയാൽ ഐശ്വര്യം കൊണ്ടുവരുമെന്നാണ് അവരുടെ അവകാശവാദം. എൽഡിഎഫ് ഭരണത്തിലെ അഴിമതികൾക്കെതിരേ കടന്നാക്രമണം നടത്തിയും ജനവികാരം ഉണർത്തിയുമാണ് ഈ യാത്ര. തിരുവനന്തപുരത്തെ സമാപന സമ്മേളനത്തിനു രാഹുൽ ഗാന്ധി നടത്തിയ പ്രസംഗം വിവാദമാകുകയും ചെയ്തു.**

**എൽഡിഎഫ് രണ്ടു ജാഥകളുമായാണ് മുന്നേറിയത്. വടക്കൻ ജാഥയും തെക്കൻ ജാഥയും. സംസ്ഥാനത്തു നടത്തിയ വികസനങ്ങളുടെ വിളംബരം, ഒപ്പം തുടർഭരണത്തിൽ വികസനത്തുടർച്ച എന്ന വാഗ്ദാനവുമായാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജാഥകൾ നാടിനെ ഇളക്കി മറിച്ചത്.**

**പെട്രോൾ, ഡീസൽ വില നൂറിലേക്കു കുതിക്കുന്നു. പാചകവാതകത്തിന്റെ വിലയും ഭീമമായി വർധിച്ചു. ഒപ്പം നിത്യോപയോഗ സാധനങ്ങളുടേയും. വിലവർധനയ്ക്ക് ആനുപാതികമായി ക്ഷാമബത്ത വർധിക്കാത്ത അനേകം ലക്ഷം ജനങ്ങളുണ്ട്. അവർ ഈ നാളുകളിൽ എങ്ങനെ ചിന്തിക്കും. കാത്തിരിപ്പിന് ഒരു മാസം മാത്രം.**

ക്കാർ മാസംതോറും വിതരണം ചെയ്ത കിറ്റും വർധിപ്പിച്ച ക്ഷേമ പെൻഷനുമാണു സാധാരണക്കാരുടെ വിഷയം. പലവട്ടം ശമ്പളം പിടിച്ചെങ്കിലും ശമ്പള പരിഷ്കരണവും പെൻഷൻ വർധനയും വൈകില്ലെന്ന പ്രതീക്ഷയാണ് സർക്കാർ ഉദ്യോഗസ്ഥർക്കു പ്രതീക്ഷ നൽകുന്നത്. എല്ലാവർക്കും വിജയം ഉറപ്പാക്കുന്ന പരീക്ഷാ സമ്പ്രദായം നടപ്പാക്കിയതിനു മാതാപിതാക്കളുടെ നന്ദിയും വോട്ടാകും. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽഡിഎഫ് പ്രതീക്ഷ ഇതിലെല്ലാമാണ്. എന്നാൽ ആരോപണങ്ങൾ തുടർഭരണ സ്വപ്നത്തിന്റെ അടിത്തറ ഇളക്കുമെന്ന കണക്കുകൂട്ടലിലാണ് യുഡിഎഫ്.

കേരളത്തിനു പുറമേ, രണ്ടു നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പുകളും നമുക്കു കൗതുകമുണർത്തുന്നതാകും. തൊട്ടടുത്ത തമിഴ്നാട്ടിലും പണ്ടു ചെങ്കോട്ടയായിരുന്ന പശ്ചിമ ബംഗാളിലും. തമിഴ്നാട്ടിൽ നാടകങ്ങളും മലക്കം മറിച്ചിലികളുമെല്ലാം പ്രതീക്ഷിക്കാം. പശ്ചിമ ബംഗാളിലെ പോരാട്ടം ചോരചിന്തുന്നതാകും. മുഖ്യമന്ത്രി മമത ബാനർജിയെ പിച്ചിച്ചീന്താൻ പതിനെട്ടടവും പയറ്റുകയാണു ബിജെപി. ദീദി നയിക്കുന്ന തൃണമൂൽ കോൺഗ്രസിന്റെ കോട്ടകളാണ് പല പ്രദേശങ്ങളും. കണ്ണൂർ ജില്ലയിലെ സപിഎം പാർട്ടി ഗ്രാമങ്ങളേപ്പോലെ, യുപിയിലെ സംഘപരിവാർ ഗാവുകളേപ്പോലെ.  നാമനിർദേശ പത്രിക നൽകാൻപോലും ആരും ധൈര്യപ്പെടാത്ത പ്രദേശങ്ങൾ. അങ്ങനെയുള്ള തൃണമൂൽ കോൺഗ്രസ് പാർട്ടിയുടെ ഏതാനും നേതാക്കൾ കഴിഞ്ഞ മാസങ്ങളിലായി ബിജെപിയിലേക്കു ചുവടു മാറ്റിയിട്ടുണ്ട്. പണ്ടുപണ്ട് കമ്യൂണിസ്റ്റു കോട്ടകളായിരുന്ന ഇവിടെ ചെങ്കൊടി പാറുന്നത് കോൺഗ്രസിന്റെ ത്രിവർണക്കൊടിയുടെ തണലിലാണെന്നു മാത്രം. അവിടെ അവർ മിത്രങ്ങൾ, ഇവിടെ ശത്രുക്കൾ. ഇക്കാര്യം ബിജെപി ഇവിടെ വാളാക്കും.

ഡൽഹിയിൽ കർഷക സമരം മൂന്നു മാസം പിന്നിട്ടിരിക്കുകയാണ്. അതിന്റെ ചുവടു പിടിച്ച് തിരുവനന്തപുരത്ത് പിഎസ്സി ഉദ്യോഗാർഥികളുടെ സമരം ഒരു മാസം പിന്നിട്ടു. സമരകോലാഹലങ്ങളെ കൂസാതെ ഭരണകൂടങ്ങൾ. സമരങ്ങളോടും എതിർക്കുന്നവരോടും എല്ലാ ഭരണകൂടങ്ങൾക്കും ഒരേ നയംതന്നെ. അടിച്ചമർത്തുകയെന്ന നയം. കൊളോണിയൽ വാഴ്ചക്കാലത്തും അതുതന്നെയായിരുന്നു. അധികാരവും പട്ടാളവും പോലീസും ഉണ്ടെങ്കിൽ എന്തും ചെയ്യാമെന്നു ചിന്തിക്കുന്നവർക്കു കൊടിനിറഭേദമില്ല. കാവിയാകാം, ചോരച്ചുവപ്പാകാം, മൂവർണവുമാകാം.

ശതകോടികളുടെ വികസനം എത്തിച്ചെന്ന അവകാശവാദങ്ങളുടെ ഗോപുരത്തുഞ്ചത്താണ് കേന്ദ്രത്തിലേയും സംസ്ഥാനത്തേയും ഭരണാധികാരികൾ. എന്തെല്ലാം വികസനം എത്തിയാലും ജനജീവിതം ഇന്നും ദുസഹമാണ്. തൊഴിലും വരുമാനവും ഇല്ലാതായ അനേകരുടെ കണ്ണീർ ആരു കാണാൻ. ഇതര സംസ്ഥാനങ്ങളിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നും തിരിച്ചെത്തിയവർ ജീവിതവുമായി എങ്ങനെ മുന്നോട്ടു പോകുമെന്ന് അറിയാതെ കുഴങ്ങുകയാണ്.

പെട്രോൾ, ഡീസൽ വില നൂറിലേക്കു കുതിക്കുന്നു. പാചകവാതകത്തിന്റെ വിലയും ഭീമമായി വർധിച്ചു. ഒപ്പം നിത്യോപയോഗ സാധനങ്ങളുടേയും. വിലവർധനയ്ക്ക് ആനുപാതികമായി ക്ഷാമബത്ത വർധിക്കാത്ത അനേകം ലക്ഷം ജനങ്ങളുണ്ട്. അവർ ഈ നാളുകളിൽ എങ്ങനെ ചിന്തിക്കും. കാത്തിരിപ്പിന് ഒരു മാസം മാത്രം.

കോവിഡ് വ്യാപനം കുറഞ്ഞുവരുമ്പോൾ കേരളത്തിൽ വ്യാപനം അൽപം വർധിച്ചു. തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനു ശേഷമാണ് ഈ പ്രതിഭാസം. വോട്ടെടുപ്പു സുഗമമാകാൻ പോളിംഗ് ബൂത്തുകളുടെ എണ്ണം ഇരട്ടിയോളമാണ് വർധിപ്പിച്ചിരിക്കുന്നത്. 2016 ൽ 21,794 ബൂത്തുകളായിരുന്നെങ്കിൽ ഇത്തവണ 40,771 ബൂത്തുകൾ. വയോധികർക്കും കോവിഡ് രോഗികൾക്കും തപാൽ വോട്ടും അനുവദിച്ചിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണ പ്രവർത്തനങ്ങൾ കോവിഡിനെ ആളിക്കത്തിക്കുമോയെന്ന ശങ്ക എല്ലാവർക്കുമുണ്ട്. വാക്സിൻ വിതരണം പുരോഗമിക്കുന്നുണ്ടെങ്കിലും ജാഗ്രത കുറഞ്ഞാൽ കൈവിട്ട കളിയാകും. ●



**പാട്ടുകൾ എന്നു കേട്ടാൽ എന്തുകൊണ്ടാണ് സിനിമാപ്പാട്ടുകൾ മാത്രം മനസിൽ തെളിയുന്നത്?.. സ്വതന്ത്ര സംഗീതത്തിന് മലയാളത്തിൽ എന്തു മാത്രം സാധ്യതയാണുള്ളത്?... അത്തരം പാട്ടുകൾക്ക് ഇവിടെ എന്താണ് തടസം?...**

# ഇനി സ്വതന്ത്ര സംഗീതത്തിന്റെ കാലം




തേജശ്രീ

**സം**ഗീത ഗവേഷകനും എഴുത്തുകാരനുമായ രവി മേനോൻ അടുത്തയിടെ പ്രസക്തമായൊരു ചോദ്യം ഉന്നയിച്ചു- നമ്മുടെ സിനിമകളിൽ ഇനി പാട്ടുകൾ വേണോ? സിനിമയുടെ ഗുണനിലവാരത്തോടും കഥാഗതിയോടും ഇടഞ്ഞുനിൽക്കുന്നതല്ലേ ഇന്നത്തെ സിനിമാപ്പാട്ടുകൾ, അവ പ്രേക്ഷകരുടെ ക്ഷമ പരീക്ഷിക്കുന്നില്ലേ എന്നായിരുന്നു അദ്ദേഹമിട്ട ഫേസ്ബുക്ക് പോസ്റ്റിന്റെ കാതൽ.

പുതിയ സിനിമകളിൽ ആളുകൾ ഇഷ്ടപ്പെടുന്ന പാട്ടുകൾ നന്നേ ചുരുങ്ങിയെന്നും, കോവിഡ് ആ തിരോധാനത്തിന് ആക്കം കൂട്ടിയെന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. കവർ പതിപ്പുകൾക്കും സ്വതന്ത്ര സംഗീതത്തിനും ശ്രോതാക്കലും പ്രേക്ഷകരും കൂടിയെന്നും അദ്ദേഹം പറയുന്നുണ്ട്. ഭിന്നാഭിപ്രായങ്ങൾ സ്വാഗതംചെയ്തുകൂടിയാണ് അദ്ദേഹം ഈയൊരു പോസ്റ്റ് ഫേസ്ബുക്കിൽ ഇട്ടത്. സ്വഭാവികമായും മികച്ച പ്രതികരണങ്ങൾ വന്നു. പാട്ടുകൾ എന്നത് സിനിമാപ്പാട്ടുകൾ മാത്രമാണ് എന്ന അവസ്ഥ മാറുകയാണ് എന്നുതന്നെയായിരുന്നു പൊതുവേയുള്ള അഭിപ്രായം. സിനിമാപ്പാട്ടുകളുടെ സുവർണകാലം കഴിഞ്ഞു എന്നതിനോട് ഭൂരിഭാഗംപേരും യോജിക്കുന്നു. മനസിൽ തങ്ങുന്ന പാട്ടുകളും ഗാനരംഗങ്ങളും ഇല്ല എന്നത് വേദനിപ്പിക്കുന്ന യാഥാർഥ്യമായി മിക്ക



വാറുംപേർ അംഗീകരിക്കുകയും ചെയ്യുന്നു.

## നല്ല പാട്ടുകൾ ഇല്ലേ?

തീർച്ചയായും ഉണ്ടാകുന്നുണ്ട്. പക്ഷേ വർഷത്തിൽ ഒരു കൈയിലെ വിരലുകളിൽ എണ്ണാവുന്ന അത്രയും മാത്രം. പുതു തലമുറ സിനിമകളിൽ പാട്ടുകൾക്കു സാധ്യത തീരെ കുറഞ്ഞു. മികച്ച സംഗീത സംവിധായകർ ഒരു വശത്ത് ഉണ്ടെന്നിരിക്കെത്തന്നെ കീബോർഡ് പ്രോഗ്രാമിംഗ് അറിയുന്നവരെല്ലാം പാട്ടുണ്ടാക്കിത്തുടങ്ങി. അവരിലും കഴിവുള്ളവർ ഇല്ലെന്നല്ല. പാട്ട് വെറും തട്ടിക്കൂട്ട് എന്ന ഗണത്തിലേക്കു ചുരുങ്ങി. ഗായകർക്കു വെല്ലുവിളിയാകുന്ന ഈണങ്ങൾ ഇല്ലാതായി.

എന്തുകൊണ്ടാണ് ഇങ്ങനെയെല്ലാം എന്നു ചിന്തിക്കുമ്പോൾ പുതു സിനിമകൾക്ക് അത്രയേ വേണ്ടൂ എന്ന ഉത്തരത്തിലേക്ക് എത്തും.

അടുത്തയിടെ ദലേർ മെഹന്ദി എന്ന ഉത്തരേന്ത്യൻ ഗായകൻ പറഞ്ഞു, ഗായകന്മാർക്ക് സ്ത്രീകളുടെയും ഗായികമാർക്ക് പുരുഷന്മാരുടെയും ശബ്ദമായിരുന്നു ഇടക്കാലത്ത് പാട്ടുകളിലെന്ന്. പല പാട്ടുകളും ശ്രദ്ധിച്ചുകേട്ടാൽ നമുക്ക് ആ അഭിപ്രായം ശരിവയ്ക്കേണ്ടിവരും. പാട്ടുകേട്ടാൽ ഉണ്ടാകുന്ന വികാരം തിരിച്ചറിയാൻ പറ്റാത്ത സ്ഥിതിയായി. പ്രണയഗാനമായാലും ദുഖഗാനമായാലും ആഹ്ലാദഗാനമായാലും കേട്ടാൽ ശ്രോതാക്കൾക്കു തോന്നുന്നത്, അയ്യോ കേൾക്കേണ്ടിയിരുന്നില്ല എന്ന വികാരമായി മാറി.

## അനന്തസംഗീതം

കഴിഞ്ഞവർഷം ഇതേ സമയത്ത് നടൻ പൃഥ്വിരാജ് തന്റെ ഇൻസ്റ്റഗ്രാം പേജിൽ ഒരു വീഡിയോ പങ്കുവച്ചിരുന്നു. സഹോദരനും നടനുമായ ഇന്ദ്രജിത്തിന്റെയും പൂർണിമയുടെയും മകൾ പ്രാർഥന പാടിയ ഒരു പാട്ടായിരുന്നു അത്. ആ പെൺകുട്ടി സ്വന്തമായി വരികളെഴുതി, ഈണമിട്ട് പാടിയ പാട്ട്. അവൾ ആദ്യമായി ചെയ്ത സ്വതന്ത്ര ഗാനം. ഒരുപാട് ആസ്വാദകർ അതുകേട്ട് മികച്ച അഭിപ്രായം പറഞ്ഞു.

സ്വതന്ത്ര സംഗീതത്തിന്റെ ഒരു ചെറുതും എന്നാൽ വലിയ മാനങ്ങളുള്ളതുമായ ഒരു ദാഹരണമാണ് മേല്പറഞ്ഞത്. സംഗീതത്തിൽ അത്രവലിയ പരിശീലനം നേടിയിട്ടില്ലാത്ത ഒരു കുട്ടി നല്ലൊരു പാട്ടുണ്ടാക്കി എന്നത് അടിസ്ഥാനം. പൃഥ്വിയെപ്പോലെ വലിയ ആരാധകവൃന്ദമുള്ള ഒരു താരത്തിന്റെ പേജിലൂടെ അത് അവതരിപ്പിക്കാനായി എന്നത് പ്രധാനമായ കാര്യം. എളുപ്പത്തിൽ കൂടുതൽ പേരിലേക്ക് ആ ഗാനം എത്തിക്കാ

നായി.

എന്നാൽ കഴിവുള്ളവർക്ക് ഇപ്പോൾ അവസരങ്ങളുണ്ട് എന്നതാണ് യാഥാർത്ഥ്യം. എത്രയോപേർ പാടിയ കവർ പതിപ്പുകൾ നിമിഷനേരംകൊണ്ട് വൈറലായിരിക്കുന്നു. പക്ഷേ, സ്വതന്ത്ര സംഗീതത്തിന്റെ കാര്യത്തിലേക്കു വന്നാൽ ഇപ്പോഴും അത്രയും സ്വീകാര്യത വന്നിട്ടില്ല. എങ്കിലുമത് മാറ്റത്തിന്റെ പാതയിൽത്തന്നെയാണ്.

## പ്ലാറ്റ്ഫോമുകൾ ശക്തം

മ്യൂസിക് പ്രൊഡക്ഷൻ എന്നത് കേൾക്കുന്നത്ര നിസാരമായ കാര്യമല്ല. വലിയ പണച്ചെലവുള്ള ഏർപ്പാടാണ്. ഒരു പാട്ടെഴുതി ഈണമിട്ട് പാടി, അതിന്റെ മ്യൂസിക് വീഡിയോ ഷൂട്ട് ചെയ്ത് എഡിറ്റ് ചെയ്ത് പുറത്തിറക്കാൻ വലിയ പ്രയത്നവും വേണം. മലയാളത്തിൽ സമീപകാലത്ത് സിതാര കൃഷ്ണകുമാർ, രേണുക അരുൺ, ആര്യാ ദയാൽ തുടങ്ങിയ ഗായികമാർ അവതരിപ്പിച്ച പാട്ടുകൾക്ക് മെച്ചപ്പെട്ട സ്വീകാര്യത ലഭിച്ചു. സ്വതന്ത്രസംഗീതം ചെയ്യാനാണ് കൂടുതൽ ഇഷ്ടപ്പെടുന്നതെന്ന് ജനപ്രിയ സംഗീതകാരനായ ഗോവിന്ദ് വസന്തയെപ്പോലുള്ളവരും പറയുന്നു. അപ്പോൾ കൂടുതൽ ഗാനങ്ങൾ ആസ്വാദകർക്കുമുന്നിലെത്തുമെന്ന് പ്രതീക്ഷിക്കാം.

കൂടുതൽ പേർ കാണുകയും ഷെയർ ചെയ്യുകയുമാണെങ്കിൽ യുട്യൂബ് പോലുള്ള പ്ലാറ്റ്ഫോമുകളിൽനിന്ന് മികച്ച വരുമാനവും ലഭിക്കാവുന്നതാണ് ഇത്തരം സംഗീതവും. ആയിരം സബ്സ്ക്രൈബർമാരും നാലായിരം മണിക്കൂർ വാച്ച് ടൈമും ഉണ്ടായാൽ യുട്യൂബ് ചാനൽ മോണറ്റൈസ് ചെയ്യാം.

## കോവിഡ് കൊണ്ടുവന്ന പുതുമ

2020 പുതിയ കാര്യങ്ങളുടെ വർഷമായിരുന്നു. നല്ലതും ചീത്തയുമായ ഒരുപാടു പുതിയ കാര്യങ്ങൾ ലോകമെമ്പാടുമുള്ള ആളുകൾ കണ്ടു. സംഗീതരംഗത്തേക്കു വന്നാൽ എനിക്കു തോന്നുന്നത് സ്വതന്ത്രസംഗീതം പ്രധാന അരങ്ങിലേക്ക് വന്നു എന്നാണ്– ഇതു പറയുന്നത് ബോളിവുഡിലെ പുതിയ സിങ്ങിംഗ് സെൻസേഷനായ തുൾസി കുമാർ ആണ്. അടുത്തകാലത്ത് ഒരുപാട് സൂപ്പർ ഹിറ്റുകൾക്ക് ശബ്ദം പകർന്ന



തുൾസി കുമാർ

ഗായികയാണ് തുൾസി. സ്വതന്ത്ര സംഗീതരംഗം വളരുകയാണെന്നും, അതിനു പിന്നിൽ പ്രവർത്തിക്കുന്ന എല്ലാ കലാകാരന്മാരെയും അഭിനന്ദിക്കുന്നുവെന്നുമാണ് തുൾസി പറയുന്നത്. സ്വതന്ത്ര സംഗീതം തനിക്ക് ഒരുപാട് അവസരങ്ങൾ തുറന്നുതരുന്നുണ്ടെന്നും, പുതിയ ഗാനങ്ങളും വീഡിയോകളുമായി താൻ വരുമെന്നും അവർ ഉറപ്പിച്ചുപറയുന്നു.

എനിക്ക് സ്വയം പ്രകടിപ്പിക്കാനുള്ള ഏറ്റവും സുന്ദരമായ മാർഗമാണ് അത്. ഏതാണ്ടെല്ലാ കലാകാരന്മാർക്കും അത് അങ്ങനെത്തന്നെയാകുമെന്ന് ഞാൻ കരുതുന്നു.

സംഗീതപ്രേമികൾക്ക് എന്തായാലും നല്ല കാലമാണ് മുന്നിൽ. അത്യാവശ്യം വേഗതയുള്ള ഇന്റർനെറ്റ് കണക്ഷനും നല്ലൊരു ഹെഡ്ഫോണും ഉണ്ടെങ്കിൽ സുന്ദരഗീതങ്ങൾ നേരിട്ട് ചെവിയിലും മനസിലും എത്തുമെന്നുറപ്പ്! പണംമുടക്കി കേൾക്കേണ്ട പാട്ടുകളോടു മുഖംതിരിക്കരുത് എന്ന അഭ്യർഥന മാത്രം... ●

# ലോക് ഡൗൺ ചിന്തകൾ

**ചെ**റുപ്പത്തിൽ കഥകളിൽ കേട്ടിട്ടുള്ള വാക്കാണ് തടവ്.പിന്നീട് വിവിധ സാഹചര്യങ്ങളിലായി , ഭ്രഷ്ട്, ഊരു വിലക്ക് ,ഏകാന്തവാസം, വീട്ടുതടങ്ക ൽ എന്ന പദങ്ങളെല്ലാം പരിചയപ്പെട്ടു.സ്കൂൾ കാലഘട്ടത്തിൽ വായിച്ച ഒന്നാണ്. ബർമ്മയിൽജനാധിപത്യ പ്രക്ഷോഭത്തിനു നേതൃത്വം നൽകിയതിന്റെ പേരിൽ പലകാലങ്ങളിലായി പതിനഞ്ചോളം വർഷത്തോളം വീട്ടുതടങ്കലിൽ കഴിഞ്ഞ  ഓങ് സാൻ സൂചിയെ കുറിച്ച്.


ഏകാകികത വേദനയാണ്. ഒറ്റപ്പെടൽ ഭീകരവും. അവർ ജീവിച്ച നാളുകളെ കുറിച്ച് ആലോചിക്കുമ്പോൾ  ആരോരുമില്ലാത്ത ദ്വീപില കപ്പെട്ട വ്യക്തിയെ ഓർമ വരിക. ചുറ്റും നിറഞ്ഞു പരക്കുന്ന അന്ധകാരത്തിൽ പെട്ടു പോയതുപോലെയുള്ള അവസ്ഥ. ഒന്നും അറിയാതെ. ആരോടും ഒന്നും പറയാതെ.

ലോകത്തെ മുഴുവൻ വീട്ടിനകത്താക്കിയ സവിശേഷ സാഹചര്യം -കോറോണക്കാലത്തിലൂടെയാണ് നാം കടന്നു പോവുന്നത്. ആ അവസ്ഥയെ പ്രതിപാദിക്കുന്ന പുസ്തകമാണ് ശ്രീമതി സജന സന്തോഷിന്റെ ലോക് ഡൗൺ ചിന്തകൾ. അതിജീവനത്തിന്റെ വിജയഗാഥയെഴുതാൻ മനുഷ്യകുലത്തിന് സാധിക്കും എന്നതാണ് ഈ പുസ്തകം മുന്നോട്ടുവയ്ക്കുന്നത്.ലളിതമായി, അതുമല്ലെങ്കിൽ സാധാരണ സംഭാഷണം നടത്തുന്ന മട്ടിൽ അനായാസമായാണ് പുസ്തകത്തിന്റെ എഴുത്ത്. സാധാരണ മനുഷ്യന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ട സംഗതികളെയെല്ലാം കോറോണ എങ്ങനെ നിയന്ത്രിച്ചു എന്ന് ബുക്കിൽ പറഞ്ഞിരിക്കുന്നു. ചിട്ടയായ രീതിയിലാണ് സജന വിഷയാവതരണം നടത്തിയിരിക്കുന്നത്. അടച്ചിടൽ കാലത്തെ തിരിച്ചറിവുകൾ, ആരോഗ്യവും, ലോക് ഡൗണും, ലോക് ഡൗൺ കാലത്തെ ആഘോഷങ്ങൾ, ലോക് ഡൗണും കുറ്റകൃത്യങ്ങളും, ലോക്ഡൗൺ – ചരിത്ര രേഖകൾ, ലോക് ഡൗണും ആരാധനയും, കോറോണയും സ്ത്രീകളും, കോറോ ണക്കാലത്തെ വിദ്യാഭ്യാസം, കോറോണക്കാലത്തെ കൃഷി, പാലായനത്തിന്റെ തുടർക്കഥ, കോറോണാനന്തര ലോകം തുടങ്ങിയവയാണ് എഴുപത്തിരണ്ടു പേജുകളുള്ള ലോക് ഡൗൺ ചിന്തകളുടെ ഉള്ളടക്കം. ഈ ലേഖന സമാഹാരത്തിന് അവതാരിക എഴുതിയിരിക്കുന്നത് ശ്രീഎ.വി സന്തോഷ് കുമാറാണ്. വായനാ കുറിപ്പ് തയ്യാറാക്കിയിരിക്കുന്നത് സാഹിത്യകാരി ശ്രീമതി എച്ച് മുകുട്ടിയാണ്



ശ്രീജ വിജയൻ

അടച്ചിടൽ കാലത്തെ തിരിച്ചറിവുകൾ എന്ന അധ്യായത്തിൽ കോറോണക്കാലത്ത് ലോകം എങ്ങനെ മാറി എന്നതിന്റെ വിവരണമാണ്. പ്രതികൂല സാഹചര്യങ്ങളിലും ജീവിതം തളിർക്കുകയായിരുന്നു എന്ന വസ്തുത പങ്കുവെയ്ക്കുക




യാണ് നിരവധി ഉദാഹരണങ്ങളിലൂടെ. പ്രകൃതിയോടിണങ്ങി ജീവിക്കുക എന്ന ആ പ്തവാകൃത്തിൽ അടിയുറച്ചു നീങ്ങിയ നാളുകളെ ഓർത്തെടുക്കുകയാണ്.

അവിചാരിതമായി നമ്മുടെ നിത്യജീവിതത്തിലേക്ക് കടന്നു വന്ന വ്യാപ്തിയുള്ള പുതിയ പദങ്ങൾ, പുതിയ ശീലങ്ങൾ എത്ര പെട്ടെന്നാണ് നാം ഇവയുടെയൊക്കെ ഭാഗമായിത്തീർന്നത്. അടച്ചിടൽ കാലത്തെ തിരിച്ചറിവുകൾ എന്ന അധ്യായത്തിൽ കോറോണക്കാലത്ത് ലോകം എങ്ങനെ മാറി, എങ്ങനെ സമൂഹത്തിന്റെ അഭിരുചികളെ രൂപപ്പെടുത്തി എന്നതിന്റെ വിവരണമാണ്. അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളിലും ജീവിതം തളിർക്കുക തന്നെയായിരുന്ന വസ്തുതയും, പ്രകൃതിയോടിണങ്ങി ജീ

വിക്കുക എന്ന ആപ്തവാക്യത്തിൽ അടിയുറച്ചു നീങ്ങിയ നാളുകളെ ഓർത്തെടുക്കുകയാണ്.

കോറോണ എന്ന മഹാമാരിയെ കേരളം നേരിട്ടത് ഏകമനസ്സോടെയാണ്. സർക്കാരും ജനങ്ങളും ഒറ്റക്കെട്ടായി നേരിട്ടതും പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിച്ചതും ലോക ശ്രദ്ധ ആകർഷിച്ച വസ്തുതകളായിരുന്നു.പ്രതിരോധ മാർഗ്ഗങ്ങളെയും, സ്വീകരിച്ച വഴികളെയും ഭരണകൂടത്തിന്റെ കരുതലിനെ കുറിച്ചും കോറോണ വൈറസിനെ ആദ്യമായി കണ്ടെത്തിയ ശാസ്ത്രജ്ഞയെക്കുറിച്ചും കോറോണ വന്ന വഴികളെക്കുറിച്ചുമെല്ലാം ആരോഗ്യവും ലോക് ഡൗണും എന്ന ഭാഗത്ത് പറഞ്ഞിരിക്കുന്നു.

ഉള്ളവനും ഇല്ലാത്തവനും എന്ന വ്യത്യാസമില്ലാതെ തങ്ങളുടെ ജീവിതത്തെ ആഘോഷമാക്കണമെന്ന ചിന്താഗതിയാണ് എല്ലാ മനുഷ്യനുമുള്ളത് അതിനായുള്ള സൗകര്യങ്ങൾ ഉണ്ടാക്കാനുള്ള ഓട്ടപ്പാച്ചിലിൽ ആയിരുന്നു എല്ലാവരും അവയെല്ലാം കോ റോണ നിയന്ത്രിച്ച നാളുകളാണ് കടന്നു പോയത്.നാടൻ ഭക്ഷണ രീതി തിരിച്ചു കൊണ്ടുവരുന്നതിനും കരുതലോടെ കൈകാര്യം ചെയ്യുന്നതിനും പഠിപ്പിച്ചു എന്നതാണ് കോറോണപ്പാഠം.കോറോണക്കാലത്ത് ഭക്ഷണത്തിനായി ആരും വലയരുതെന്ന ഉദ്ദേശ്യത്തോടെ തുടങ്ങിയ സമൂഹ അടുക്കള, നാട്ടിൽ പ്രചരിപ്പിച്ച നന്മകളെയൊക്കെ ലോക് ഡൗൺ കാലത്തെ ആഘോഷങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. കോറോണക്കാലത്ത് കുറ്റകൃത്യങ്ങൾ കുറഞ്ഞുവെന്നതിനെക്കുറിച്ചുള്ളതാണ് അടുത്ത അധ്യായം .അന്തരീക്ഷ മലിനീകരണം കുറയ്ക്കാനും ഇക്കാലത്തിന് കഴിഞ്ഞിട്ടുണ്ട്.

കോറോണയുടെ കടന്നുവരവോടെ കടന്നു വന്ന നിരവധി പദങ്ങളുണ്ട് എന്താ ണവയുടെ അർത്ഥം എന്നൊന്നും ചിന്തിച്ചു കാണില്ല. അതിനെ കുറിച്ചും ഈ പുസ്തകം പ്രതിപാദിക്കുന്നുണ്ട് .കോറോണ എന്നതിന് ലാറ്റിൻ ഭാഷയിൽ കീരിടമെന്നും. ക്വാറന്റെയിൽ എന്നത് ക്വാറൻറീന എന്ന ഇറ്റാലിയൻ പദത്തിൽ നിന്നുത്ഭവിച്ചതാണെന്ന് ഇതിന് കപ്പൽ വിലക്ക് എന്നുമാണർത്ഥം. മലപ്പുറത്തിന്റെ പ്രാദേശിക ഭേദമായ 'കൊറേണ്ടേനു' എന്നത് ക്വാറന്റെൻ ആയി മാറിയതാണെന്നും സരസമായിപറഞ്ഞു വരുന്നു.,കറുത്ത മരണമെന്നു വിശേഷിപ്പിക്കുന്ന പ്ലേഗിന്റെ കാലത്താണ് ഈ പദം പിറവിയെടുക്കുന്നത്.ഇന്നീ പദം പലപ്പോഴും മനുഷ്യാവകാശങ്ങളുടെയും പൊതുജനാരോഗ്യതാത്പര്യങ്ങളുടെയും ഇടയിലുള്ള നേർത്ത രേഖയാണ്.ഇത് നമ്മുടെ വ്യക്തിസ്വാതന്ത്ര്യത്തേക്കാൾ മുകളിലാണ്. ചരിത്ര രേഖകളെ കുറിച്ചു പറയുന്ന അധ്യായത്തിൽ കെ.ആർ.ഗൗരിയമ്മ 68 വർഷം മുമ്പ് തിരു-കൊച്ചി നിയമസഭയിൽ നടത്തിയ ഒരു പ്രസംഗമാണ് ജനാധിപത്യ കേരളത്തിലെ നിയമസഭാ രേഖകളിൽ ഉള്ള ആദ്യത്തെ ലോക് ഡൗൺ നിർദേശം' എന്ന് പറയുന്നു. അന്ന് വസൂരി വ്യാപകമായിരുന്നു. പകർച്ചവ്യാധികൾ ഉള്ള വീട്ടിലെയാളുകളോട് പുറത്തിറണമെന്നും അത്തരക്കാർക്ക് സഹായം സർക്കാർ കൊടുക്കണമെന്നുമൊക്കെയാണ് പ്രസംഗത്തിൽ പറയുന്നത്.

ആരാധനയെ അട്ടിമറിച്ച കാലമായിരുന്നു കോറോണക്കാലം. ജാതിയുടെയും മതത്തിന്റെയും വേലിക്കെട്ടില്ലാതെ സമൂഹനന്മയ്ക്കായി പ്രവർത്തിച്ച കേന്ദ്രങ്ങളാണ് കോറോണക്കാലത്തെ ആരാധനാലയങ്ങൾ. ആൾ ദൈവങ്ങളില്ലാത്ത കാലം, മന്ത്രവാദവും, ആഭിചാരവും നടക്കാത്ത കാലം.

ഈ മഹാമാരിയെ തുരത്താൻ ലോകത്തിന്റെ വിവിധ രാജ്യങ്ങളിലെ വനിതാ ഭരണാധികാരികൾ നടത്തിയ മഹത്തായ പ്രയത്നത്തെ കുറിച്ചാണ് കോറോണയും സ്ത്രീകളും എന്ന അധ്യായം. കേരളത്തിന്റെ സ്വന്തം ശൈലജ ടീച്ചർ, ജസീന്ദ ആർ ഡെൻ, സന്ന മാരിൻ, ഏഞ്ചല മെർക്കൽ, സായ് ഇങ് വെൻ, കത്രീൻജക്കോബ്സ് ദാറ്റിർ എന്നിവരുടെ സ്തുത്യർഹ സേവനമാണ് ഇവിടെ പ്രതിപാദ്യം. ഈ അധ്യായം അവസാനിപ്പിക്കുന്നത് ആർദ്രതയും, സഹാനുഭൂതിയും സ്ത്രീകൾക്കു മാത്രമുള്ളതല്ലെന്നും എല്ലാ ജനകീയ നേതാക്കൾക്കു വേണ്ടതാണെന്ന മഹത്തായ ചിന്ത പങ്കുവെച്ചാണ്.

ലോകം വീടിനകത്തേക്ക് ചുരുങ്ങിയപ്പോൾ പഠനത്തിന്റെ പുതിയ സാധ്യതയുമായി ഓൺലൈൻ സംവിധാനം കടന്നു വന്നതും ഈ ക്കാലം കണ്ട മറ്റൊരു സവിശേഷതയാണ്.

അടുക്കളത്തോട്ടങ്ങൾക്ക് അല്ലെങ്കിൽ സ്വന്തം വീട്ടിലെ പച്ചക്കറി തോട്ടങ്ങൾക്ക് ജീവൻ വച്ച കാലമാണിത്. സർക്കാറിന്റെ സുഭിക്ഷ കേരളം പദ്ധതിയെ വളരെ ഗൗരവത്തോടെയാണ് നാീ ഏറ്റെടുത്തത്. അതു മാത്രമല്ല ഫാസ്റ്റ്ഫുഡിന്റെയും, നോൺ വിഭവങ്ങളുടെ രുചി സാഗരത്തിൽ നിന്ന് മാറി നിൽക്കാനും, നാടൻ ഭക്ഷണത്തിലേക്ക് തിരിച്ചുവരാനും നമുക്ക് കഴിഞ്ഞുവെന്നതാണ് കോറോണക്കാലത്തെ കൃഷി എന്ന ഭാഗം വിലയിരുത്തുന്നത്.

യുദ്ധം, പ്രകൃതിക്ഷോഭം, പട്ടിണി, തൊഴിലില്ലായ്മ എന്നിവയാണ് പാലായനങ്ങൾക്ക് കാരണമാകുന്നത് .ഈ മഹാമാരി യുംപാലായനത്തിന്റെ കാലമായിരുന്നു ഇതേക്കുറിച്ച് പലായനത്തിന്റെ തുടർക്കഥ എന്ന അധ്യായം പറയുന്നു.

കോറോണാനന്തര ലോകത്തിന്റെ ആശങ്കകൾ പങ്കുവെച്ചാണ് പുസ്തകം അവസാനിക്കുന്നത്.

അതിജീവനത്തിന്റെ നാളുകളിലൂടെ നാം മുന്നോട്ടു തന്നെ.

●

# മൗനമേഘങ്ങൾ പെയ്തൊഴിയുമ്പോൾ...





ദിവ്യ സി ആർ

മഴ !

അതിന്റെ പൂർണ്ണതയിലേക്കെത്തിയ ദിവസം തന്നെ ഒരു യാത്രയ്ക്കായി തിരഞ്ഞെടുത്തതും ചിലപ്പോൾ നിയോഗം മാത്രമാകാം. മഴയെ പ്രണയിച്ചവൾ പ്രണയിച്ചവനെ തേടിയിറങ്ങുമ്പോൾ മഴയ്ക്ക് കൂട്ടുവരാതെ തരമില്ലല്ലോ..

നിന്നെത്തേടി ഒരിക്കലും വരില്ലെന്ന് ഞാനുറപ്പ് നൽകിയിട്ടും, ആദ്യമായി ജീവിതത്തിൽ വാക്ക് തെറ്റിക്കുന്നതിന്റെ ആത്മവേദന മുള്ളുകളായി കുത്തിയിറങ്ങുമ്പോഴും നിന്നെ തിരഞ്ഞുവരാൻ എന്നെ പ്രേരിപ്പിച്ച സ്നേഹത്തിന്റെ ആഴം ഒരു പക്ഷേ നിനക്ക് മനസിലാവില്ല.

അപ്രതീക്ഷിതമായൊരു പരിചയപ്പെടൽ. നവമാധ്യമങ്ങളിലെ സൗഹൃദങ്ങളിൽ ആരോ പങ്കുവച്ച എന്റെ കവിതയുടെ ചുവടുകൾ തേടിയുള്ള നിന്റെ യാത്ര അവസാനിച്ചത് എന്റെ സൗഹൃദപ്പട്ടികയിലായിരുന്നു. നീ ക്ഷണിച്ച നിമിഷം നിന്നെ അവഗണിക്കുമ്പോൾ നിന്റെ കണ്ണുകളിലെ അഭൗമമായ വെളിച്ചം, തിരസ്ക്കരിക്കാനനുവദിക്കാതെ എന്നോടു ചേർത്തു.

നിന്റെ വാക്കുകൾക്കായി കാത്തിരുന്ന നിമിഷങ്ങൾ..

എന്നിൽ ജന്മജന്മാന്തരബന്ധം പോലെ നിറഞ്ഞൊഴുകിയ നിന്റെ വാക്കുകൾ..

നീ നിറച്ചു വച്ച സ്വപ്നങ്ങൾ..

സൗഹൃദത്തിന്റെ വേലിക്കല്ലുകൾ പൊട്ടിച്ച് പ്രണയത്തിലേക്ക് കടന്നത് ആരാണ്..

ഏകാകിനിയായി കൗമാരം താണ്ടിടുമ്പോൾ ദൂരെ വയൽക്കാറ്റിൽ നിന്നും പ്രണയാർദ്രമായി തഴുകി വന്ന കാറ്റിന് പോലും നിന്റെ ശബ്ദമായിരുന്നു. എന്നെ പിടിച്ചു



നിർത്തി നനയ്ച്ചുപൊയ്ത പുതുമഴയ്ക്ക് നിന്റെ ഗന്ധമായിരുന്നു..!

പൂക്കളോടും ശലഭങ്ങളോടും ഋതുക്കളോടും എനിക്കുണ്ടായിരുന്നത് വെറും ഇഷ്ടങ്ങൾ മാത്രമായിരുന്നുവെന്നും മനുഷ്യന് മനുഷ്യനോട് തോന്നുന്ന, ഒരേ സമയം രണ്ടുപേർക്ക് തോന്നുന്ന അനിർവചനീയമായ സ്നേഹവികാരവായ്പാണ് പ്രണയമെന്നും ഞാൻ പഠിച്ചത് നിന്നിൽ നിന്നായിരുന്നു. സ്നേഹത്തിന് മാത്രം നീ യാതൊരു പിശുക്കും കാണിച്ചില്ല. എങ്കിലും രണ്ട് ദേശങ്ങളിലിരുന്ന് അഗാധമായി പ്രണയിച്ച നമ്മളിൽ എനിക്ക് മാത്രമാണ് നിന്നെ നേരിട്ട് കാണണമെന്ന് തോന്നിയത്. നിനക്കും തോന്നിയിട്ടുണ്ടാവാം..

സദാചാര കാരമുള്ളുകൾ ഭയന്ന് നീ മറച്ചതാണെന്നുതന്നെ ഞാനിന്നും വിശ്വസിക്കുന്നു. നിന്നെ കാണണമെന്ന എന്റെ വാശിയിൽ മൗനത്തിന്റെ നിഗൂഢതകൾ സമ്മാനിച്ച് നീ പടിയിറങ്ങുമ്പോൾ എന്റെ ഹൃദയം ആഴത്തിലാഴത്തിൽ മുറിവേൽക്കപ്പെടുകയായിരുന്നു. എങ്കിലും നിന്നെ തിരഞ്ഞു വരുവാനും എന്തിനേറെ ഒന്ന് മിണ്ടുവാൻ പോലും ആത്മാഭിമാനം സമ്മതിച്ചില്ല.

വർഷങ്ങൾക്ക് ശേഷമുള്ള ഈ വരവ് നിനക്ക് അത്ഭുതവും ആശ്ചര്യവും ഒരുപോലെ സമ്മാനിച്ചേക്കാം. മറന്നു വെന്ന് പറഞ്ഞ് പരസ്പരം പറ്റിക്കുകയായിരുന്നില്ലേ നമ്മൾ. മറന്നു വെന്ന് വിശ്വസിപ്പിക്കാൻ ശ്രമിച്ച് അകലങ്ങളിലേക്ക് മറയുവാൻ ബദ്ധപ്പെട്ടവർ. ദൂരേയ്ക്ക് ദൂരേക്ക് പോകുന്തോറും എന്നെ നിന്നിലേക്ക് വലിച്ചടിപ്പിക്കുന്ന ആവേശത്തെ പ്രണയമെന്നല്ലാതെ മറ്റെന്താണ് ഞാൻ വിളിക്കേണ്ടത്..?

നീണ്ട യാത്ര അവസാനിച്ച് ഞാൻ നിനക്കരുകിലേക്കെത്തുകയാണ്. നിന്റെ ഓഫീസിലെ വിസിറ്റേഴ്സ് റൂമിലിരിക്കുമ്പോൾ അകാരണമായൊരു വിറയൽ എന്നെയും കടന്നു പോകുന്നുണ്ട്. നിശബ്ദമായ ഭംഗിയായി അലങ്കരിച്ച മുറിയിലേക്ക് ശാന്തമായി അവൻ കടന്നു വന്നു. ഞാനിരുന്ന ടേബിളിന്റെ എതിർവശത്തെ കസേരയിൽ എനിക്ക് അഭിമുഖമായി അവനിരുന്നു. എന്തൊക്കെയോ സംസാരിക്കാൻ ശ്രമിക്കുന്തോറും ചുണ്ടുകൾ വാക്കുകൾ കിട്ടാതെ പിന്മാറി. എങ്കിലും കണ്ണുകൾ രണ്ട് മൗനമേഘങ്ങൾ പെയ്തൊഴിയാനൊരുങ്ങും പോലെ ..

'ഞാൻ കാത്തിരിക്കുകയായിരുന്നു.'

'എന്തേ നീ വൈകി ?'

നിനക്കും വരാമായിരുന്നില്ലേ..'

'നീയും നിന്റെ കുടുംബവും എനിക്കത്രമേൽ പ്രീയപ്പെട്ടതാണ്.'

മൗനം നിറഞ്ഞ ഹൃദയങ്ങൾ ശബ്ദമില്ലാതെ വാക്കുകൾ കൈമാറി.

അവനെന്നും യാഥാർത്ഥ്യങ്ങളിൽ ജീവിച്ചു. ജീവിക്കുന്നു.

താനോ..?

എന്നെന്നും ഭാവനകളിലും.

തിരിച്ചു വരവ് വൈകിയാൽ മുളപൊട്ടുന്ന ആയിരം ചോദ്യങ്ങൾക്ക് നേരെ മനസ്സ് ഉണർന്നപ്പോൾ ഞാൻ എഴുന്നേറ്റു. യാത്ര പറയാതെ , തിരിഞ്ഞു നോക്കാതെ നടന്നകന്നു.

പിൻവിളിയുണ്ടാവില്ലെന്നറിയാം..!

എങ്കിലും ഹൃദയം കനപ്പിച്ച ഭാരം പുറത്ത് പെയ്യുന്ന മഴയിൽ നനഞ്ഞൊഴുകുന്നതുപോലെ...

●



# യഗോ രാജാ...




പി രഘുനാഥ്

'സൂം മീറ്റിങ് ആണ് എന്നു പറഞ്ഞിട്ട് കാര്യമില്ല. ശരിക്കും മീറ്റിങ് ഹാളിൽ എന്നതുപോലെ വേണം ഇരിക്കാനും പെരുമാറാനും. അതെ ഡിസിപ്ലിൻ, ശ്രദ്ധ, പ്രസൻസ് ഓഫ് മൈൻഡ് എല്ലാം ഉണ്ടാകണം. വെൽ ഡ്രെസ്സ്ഡ് ആയിരിക്കണം. ടൈ , ഫുൾ സ്ലീവ് ഷർട്ട് ഇൻസേർട് ചെയ്യണം, വീടിനകത്തു ഏത് റൂമിൽ ആയിരുന്നാലും ശരി ഷൂ ഇടാൻ പോലും മറക്കരുത്...'

സൂം മീറ്റിംഗ് തുടങ്ങുന്നതിനുമുൻപേ മാനേജർ തന്റെ സഹപ്രവർത്തകരെയൊക്കെ വിളിച്ച് ഒറ്റക്കും കൂട്ടായും പലകുറി മീറ്റിങ്ങിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ചുക്കൊണ്ടിരുന്നു.

മീറ്റിംഗ് തുടങ്ങി. മാനേജർക്ക് ഒരു സ്വഭാവമുണ്ട്. ആവേശം മൂക്കുമ്പോൾ ഇടയ്ക്കിടെ ഇരിപ്പിടത്തിൽ നിന്ന് ചാടിയെഴുന്നേറ്റു സഹപ്രവർത്തകരെ ഗുണദോഷിക്കും. അങ്ങനെ ചാടിയെഴുന്നേറ്റപ്പോഴാണ് കാമറ പണിപറ്റിച്ചത്. അരക്കു മുകളിൽ ടൈയും കോട്ടും ഒക്കെ യായി പക്കാ ഒരു എക്സിക്യൂട്ടീവ് ജന്റിൽ മാൻ ആയിരുന്നെങ്കിലും, അടിയിൽ ഉണ്ടായിരുന്നത് വെറുമൊരു ബർമ്മൂദയയിരുന്നു. പാവം മാനേജർ, തന്റെ തനിരൂപം മീറ്റിംഗ് ഹാളിൽ വെളിപ്പെട്ടത് അറിയാതെ ഘോര ഘോരം പ്രകടനം തുടർന്നുകൊണ്ടിരുന്നു. കാണേണ്ടത് കാണേണ്ട പടി കണ്ട സഹപ്രവർത്തകരാകട്ടെ വായ പൊത്തി ചിരിച്ചെങ്കിലും തങ്ങളെപ്രതി ജാഗരൂകരായി.



# ലഹരി



കല്യാണി

ഉടുതുണി പോലും നേരെ ഉടുക്കാൻ പറ്റാതെ ആടി ഉലഞ്ഞു നാക്ക് കുഴങ്ങി വഴിയോരത്ത് നിന്ന് എന്തൊക്കെയോ പറയുന്നൊരു മനുഷ്യനെ കണ്ടു കൈയിലൊരു കുപ്പിയും ഉണ്ട്...

അടുത്ത് പോകുന്നവരെ ഒക്കെ തെറി വിളിക്കുന്നോണ്ട് ആരും തന്നെ അടുത്ത് പോവുന്നില്ല.

ഒന്ന് നോക്കുന്നു പോലുമില്ല.

പക്ഷേ ആ അവസ്ഥ കണ്ട് എനിക്ക് മിണ്ടാതെ പോകാൻ തോന്നിയില്ല...

ഞാൻ അയാളുടെ അടുത്തേക്ക് പോയി.

എന്തൊക്കെയോ വിളിച്ചു പറഞ്ഞു കൊണ്ടിരുന്നയാൾ പെട്ടന്ന് ഒന്നും മിണ്ടാതെ നിന്നു.

കുറച്ചു നേരം എന്നെ സൂക്ഷിച്ചു നോക്കി.

അതിലൂടെ അയാളെ കടന്നു പോയ ആളുകളുടെ മുഖത്തുള്ള പേടിയും വെറുപ്പും അറപ്പും പുച്ഛവും

ഒന്നും എന്റെ മുഖത്ത് കാണാത്തത് കൊണ്ടാവണം കൈയിലെ

കുപ്പി വായിലോട്ട് കമഴ്ത്തി.വീണ്ടും എന്തൊക്കെയോ പറയാൻ തുടങ്ങി കൂട്ടത്തിൽ കരയാനും..

കേൾക്കാൻ ഒരാൾ ഉണ്ടെന്ന് തോന്നിയത് കൊണ്ടാവണം

നാക്ക് ശെരിക്കും വഴങ്ങുന്നില്ലങ്കിൽ പോലും പലതും പറഞ്ഞ് തീർക്കാൻ അയാൾ പാട്പ്പെടുകയായിരുന്നു...

മുഴുവനും പറഞ്ഞു തീർക്കും മുന്നേ കേൾവിക്കാരി പോയാലോ എന്നൊരു

ആശങ്കയും അയാളിൽ ഉണ്ട്.

ഞാൻ ഒന്നും മിണ്ടാതെ അയാൾ പറയുന്നതൊക്കെ കേട്ട് അവിടെ നിന്നു..

കൊറേ പറഞ്ഞു പറഞ്ഞു അവസാനം കരച്ചിൽ മാത്രം ആയി..

കുറച്ചു കഴിഞ്ഞ് ആ കാലി കുപ്പി വഴിയോരത്തെറിഞ്ഞ് എന്തൊക്കെയോ പറഞ്ഞും കൊണ്ട് ആടി ആടി നടന്നു പോയി..

കാലൊക്കെ കുഴഞ്ഞു പോകുന്നുണ്ടായിരുന്നു.

അയാളെന്റെ കണ്ണിൽ നിന്നും മായും വരെ ഞാൻ നോക്കി നിന്നു.

ആ പോക്ക് വീട്ടിൽ എത്തില്ലെന്നെനിക്കറിയാം.

വഴിയോരത്ത് എവിടെ എങ്കിലും വീണു കിടന്ന് അകത്തു ചെന്ന ലഹരി ആറി തീരമ്പോൾ എഴുന്നേറ്റു പോകും.

കെട്ട് അടങ്ങുമ്പോൾ ചിലപ്പോൾ ഓർക്കുമായിരിക്കും. ചിലപ്പോൾ മറന്നു പോകും.

ഓർക്കുകയാണെങ്കിൽ സമാധാനത്തോടെ തീരിച്ച് ഒന്നും പറയാതെ ഒരാൾ എന്തിനായിരിക്കും എന്നെ കേട്ടിരുന്നതെന്ന് ആലോചിക്കുമായിരിക്കും..

അയാളെ കണ്ടാ നേരം തൊട്ട് കൺ മുന്നിൽ നിന്നും മായും വരെ ഞാനയാളിൽ കണ്ടതെനിക്കത്രയും പ്രിയപ്പെട്ടൊരാളെ ആയിരുന്നു...

അയാളിൽ കേട്ടത് പ്രിയപ്പെട്ടൊരാളുടെ വാക്കുകളും ആയിരുന്നു

ആ നേരം മുഴുവനും ഞാനാ പഴയ ഒമ്പത് വയസ്സുകാരിയായിരുന്നു

കഥ

# പരിഹാസം



സൂര്യന്റെ ചുംബനങ്ങൾക്ക് താൽപര്യപ്പെടാതെ, കുട മൂടി കുനിഞ്ഞു നിന്ന പല ദിവസങ്ങളിലൊന്നിൽ ഒരു വൃദ്ധ വന്ന് അല്പം മാറി നിന്ന് അവളോട് ചോദിച്ചു, 'മക്കളെ ചായ കുടിക്കാൻ ഒരു അഞ്ച് രൂപ തരുമോ?'

മുഖത്ത് നോക്കാൻ കണ്ണുകൾക്കൊരിട കൊടുക്കാതെ തിരിഞ്ഞ് നിന്നു കൊണ്ട് അവൾ പറഞ്ഞു, 'അയ്യോ, അമ്മച്ചീ, ബസിന് തന്നെ കഷ്ടിയാണല്ലോ.'

നിരാശയോടെ തിരിഞ്ഞ് നടക്കുന്ന വൃദ്ധയുടെ ദയനീയമായ കാഴ്ച കണ്ണിൽ തട്ടാതിരിക്കാൻ അവൾ ഫോണിൽ എന്തൊക്കെയോ പരതി തന്നെ കുനിഞ്ഞു തന്നെ നിന്നു.

കാത്ത് കാത്ത് നിന്ന് ഒടുവിലെത്തിയ ബസ്സിൽ സീറ്റുണ്ടെന്നുറപ്പിച്ച് കയറിയിരുന്ന്, കണ്ടക്ടറിന് ടിക്കറ്റ് കാശ് നീട്ടുമ്പോൾ ഉരുണ്ടു താഴെ വീണ തുട്ടിനായി ചുറ്റുമുള്ളവർ പരതിയപ്പോൾ, അവൾ ശബ്ദമുയർത്തി ഇത്തിരി പൊങ്ങച്ചത്തോടെ പറഞ്ഞു, 'ഏയ്, വേണ്ട. ഒരു പത്തു രൂപ അല്ലേ. അത് പോട്ടെ, കുഴപ്പമൊന്നുമില്ലെന്നെ.'

ബസ്സെടുത്ത് കുറച്ചു ദൂരം എത്തിയിട്ടും, രണ്ട് കണ്ണുകളും കൈകളും മാത്രം സീറ്റിനടിയിൽ പരതി കൊണ്ടിരുന്നു.

ഒടുവിൽ ചായ കുടിക്കാൻ അഞ്ച് രൂപ ചോദിച്ച വൃദ്ധ, ആ പത്തു രൂപാ തുട്ട് അവളെ തോണ്ടി വിളിച്ചു കൊടുത്തപ്പോൾ അവൾ ജാള്യതയോടെ മുഖം മറച്ച് പറഞ്ഞു, 'അമ്മച്ചി വച്ചിരുന്നോളൂ.'

'ഓ, ഞാൻ ചായ കുടിച്ചു മക്കളേ.'

ഒറ്റ വരിയിൽ തീർത്തു കൊണ്ട്, വൃദ്ധ പരിഹാസം നിറച്ച ഒരു ചിരി അവൾക്ക് നീട്ടി.



നിത്യലക്ഷ്മി എൽ.എൽ.

# 'കൃത്യ' സമയം



നസീർ വലിയവിള

'പുതിയ ആർഡിഒ ജീവൻ റാം സാറാണ്. ഇടുക്കിയിലെ മണൽ, പാറ മാഫിയകളെ വിറപ്പിച്ചയാളാണ്. നിങ്ങളുടെ അടവൊന്നും സാറിന്റെടുത്ത് ചെലവാകില്ല.'

എന്റെ മുന്നറിയിപ്പ് സൂപ്രണ്ടും ശരിവച്ചതിങ്ങനെ 'ശരിയാണ് നാളെ മുതലെങ്കിലും കൃത്യം 10 മണിക്ക് തന്നെ എത്തണെ. 5 മണി കഴിയാതെ പോകാനും പാടില്ല' അതെയെന്ന് തലയാട്ടിയെങ്കിലും മാർഗരറ്റ് ചേച്ചിക്ക് ഒട്ടും കൂസലില്ല.

ഓ പിന്നെ ഞാനെത്ര സാറന്മാരെ കണ്ടതാ - എന്ന ഭാവം പിറ്റേദിവസവും ആഗമനം പതിവുപോലെ 11 മണിക്ക് തിരികെ പോകുന്നതിലും അതേ കൃത്യനിഷ്ഠ 3.30 പി.എം. ഇനിയെന്തൊക്കെ സംഭവിച്ചാലും ഈ പതിവുതെറ്റിക്കാൻ ചേച്ചി തയ്യാറാവുമോ എന്ന് സംശയമാണ്.



ആർഡിഒ മീറ്റിംഗിലാണ്. ഏതു സമയം വേണമെങ്കിലും തിരികെയെത്താം. താക്കീതുകളെ അപ്പൂപ്പൻ താടിയാക്കി മാർഗരറ്റ് ചേച്ചി പടിയിറങ്ങി. പക്ഷേ പുറത്തിറങ്ങിയപ്പോൾ ചെറിയ ഒരു ഭയം അവരെ പിടികൂടിയോ.

ബാഗ് പിന്നിലൊളിപ്പിച്ച് പാത്തും പതുങ്ങിയുമാണ് അവർ മുന്നോട്ട് നീങ്ങിയത്.

ജനാലയിലൂടെ ആ കാഴ്ച നോക്കി നിൽപ്പാണ് പലരും. പെട്ടെന്ന് അവരുടെ ബാഗ് വായുവിലൂടെ പറന്നുയരുന്നത് നമ്മൾ കൗതുകത്തോടെ നോക്കി. അതേസമയം തന്നെ ഹോൺ മുഴക്കിക്കൊണ്ട് ആർഡിഒയുടെ ഇന്നോവ വേഗത്തിൽ ഗേറ്റിനരികെ പ്രത്യക്ഷപ്പെട്ടു.

മാർഗരറ്റ് ചേച്ചിയുടെ മുന്നിൽ കാർ ശബ്ദമുണ്ടാക്കി നിന്നു.

'എന്താ മാർഗരറ്റേ? എന്തായിവിടെ'

'അല്ല സാറെ... ഞാനിവിടെ... ഒരു ചായ...''

''ശരി. പോരുമ്പോൾ ആ ബാഗും കൂടി എടുത്തോ'

ആർടിഒ യുടെ ഇന്നോവയുടെ ശബ്ദം ഒരു നായയുടെ ഘ്രാണശക്തിയോടെ മാർഗരറ്റ് മണത്തറിഞ്ഞത് ആരും ശ്രദ്ധിച്ചിരുന്നില്ല. അവർ ബാഗ് വലിച്ചെറിയുന്നത് സാർ എങ്ങനെ കണ്ടുവെന്നാണ് എല്ലാവരെയും അത്ഭുതപ്പെടുത്തിയത്. ജീവനക്കാർ സാറിനോടുള്ള ഭയഭക്തി ബഹുമാനം എല്ലാം കൂടി ഒ

രുമിച്ച് ഒലിപ്പിച്ചിറക്കി പിന്നീടുള്ള കുറേ മണിക്കൂറുകൾ.

പക്ഷേ മാർഗരറ്റ് ചേച്ചിക്ക് ചാണകത്തിൽ ചവിട്ടിയ അവസ്ഥയായിരുന്നു. ചേച്ചിയുടെ മനസിലൂടെ കടന്നുപോയ ചെല്ലപ്പേരുകൾ നമ്മൾ വായിച്ചെടുത്തു. ബാഗുമെടുത്ത് തിരികെ കയറാതെ രക്ഷയില്ലായിരുന്നു ചേച്ചിക്ക്. പക്ഷേ അവിടെയായിരുന്നു പ്രശ്നം. സാറനെ കണ്ട മാത്രയിൽ ബാഗ് എവിടെയെറിഞ്ഞുവെന്ന് ചേച്ചിക്ക് യാതൊരു പിടിയുമില്ല. വളപ്പിലേക്ക് നോക്കി ഓ അതോർക്കാൻ കൂടി വയ്യ. കാട് മാത്രമല്ല ചപ്പും ചവറും പാമ്പും ഒക്കെയുണ്ടാകും.

ഈ കാടിനിടയിൽ എവിടെയാണ് നോക്കുക. ബാഗും എടുത്തുകൊണ്ടുവരൂ എന്നാണ് സാർ പറഞ്ഞത്. തെരച്ചിൽ ആരംഭിച്ചെങ്കിലും എവിടെയാണ് വീണതെന്ന ചോദ്യം സുകുമാരക്കുറുപ്പിനെപ്പോലെ ഉത്തരം കിട്ടാതെ അലഞ്ഞു. ചിലർ സഹായിക്കാനെന്ന രീതിയിൽ അടുത്തുകൂടിയെങ്കിലും സംവിധായകരുടെ റോൾ ആണ് കൂടുതലും ഇഷ്ടപ്പെട്ടത്. ചായകുടിച്ച് തിരിച്ചുവന്നവരൊക്കെ ആ റോൾ ഭംഗിയായി നിർവഹിച്ചുകൊണ്ടിരിക്കുമ്പോൾ -

നേരമിതുവരെ മാർഗരറ്റ് ബാഗുമെടുത്ത് കാര്യാലയത്തിൽ പ്രവേശിച്ചില്ലെന്നറിഞ്ഞ് ആർഡിഒ അറ്റൻഡർ ഷിജുവിനെ വിളിച്ചു.

ആർഡിഒ ഷിജുവിനേയുംകൂട്ടി ജനാലയുടെ അടുത്ത് പോയതായും അതിലൂടെ വെളിയിലേക്ക് കൈചൂണ്ടിയതായും പിന്നീട് സ്ത്രീജനങ്ങൾ എന്നെ അറിയിച്ചിട്ടുള്ളതാണ്.

ഓ, ഫയങ്കരം തന്നെ! എന്നാണ് തിരുവനന്തപുരത്ത് നിന്നുള്ള ഗുമസ്തൻ സലീമണ്ണൻ അതേക്കുറിച്ച് പറഞ്ഞത്.

ഷിജു താഴെയിറങ്ങി ബാഗ് കിടന്ന സ്ഥലത്ത് നേരെ പോകുന്ന കാഴ്ച മനോഹരമായിരുന്നു. അതു കണ്ടപ്പോൾ ഷിജു ബാഗ് അവിടെ കൊണ്ടുവച്ചതാണെന്ന് തോന്നിപ്പോയി. അതെ അയാൾ കൃത്യമായി അവിടെച്ചെന്ന് ബാഗെടുത്ത് ചേച്ചിയെ ഏല്പിച്ചു. ചേച്ചി നേരെ ആർഡിഒയുടെ റൂമിലെത്തി.

'ഇപ്പോൾ എത്രമണിയായി, മാർഗരറ്റേ?'

'അഞ്ചുമണിയായി സാറെ'

വളരെ വിഷമത്തോടെ ചേച്ചി പറഞ്ഞു.

'ഇത്ര നാളത്തെ പ്പണി ഒരുമിച്ച് കിട്ടിയപോലുണ്ട് അല്ലേ?'

'നിങ്ങൾ ഒരു അറ്റൻഡർ ആയതുകൊണ്ട് നിങ്ങളുടെ അഭാവം വലിയ രീതിയിൽ ഓഫീസിനെ ബാധിക്കില്ല എന്ന് തോന്നുന്നുണ്ടോ?'

ചേച്ചി മിണ്ടാതെ കേട്ടുനിന്നു.

'നിങ്ങൾ ചെയ്യേണ്ട പണി മറ്റുള്ളവർക്ക് ചെയ്യേണ്ടിവരുന്നു. നിങ്ങൾ നേരത്തെ പോകുന്നതുകൊണ്ട് അവരെയാണ് അത് കൂടുതൽ ബാധിക്കുക. ഒരു ക്ലാർക്കാണ് അത്യാവശ്യത്തിന് നേരത്തെ പോകുന്നതെങ്കിൽ ആ സമയങ്ങളിലെ ജോലി പിന്നീട് കൂടുതൽ സമയമെടുത്ത് ചെയ്യും എന്നു കരുതാം. പക്ഷേ നിങ്ങളുടെ പണി എങ്ങനെയാണ് പിന്നീട് ചെയ്യുക. അതുകൊണ്ട് നിങ്ങൾ നഷ്ടപ്പെടുത്തുന്ന സമയം വളരെ വിലപ്പെട്ടതാണ്. അതുകൊണ്ടുതന്നെ നിങ്ങൾ വാങ്ങുന്ന ശമ്പളത്തിന്റെ ഒരു ഭാഗം നിങ്ങൾക്ക്അർഹതപ്പെട്ടതല്ല.'

'അയ്യോ സാറേ എന്റെ കഷ്ടപ്പാട് അറിഞ്ഞാൽ സാറിന് മനസിലാകും.'

'എന്റെ ഭർത്താവ് ഒരു ആംഗ്ലോ ഇന്ത്യക്കാരനായിരുന്നു. മരിച്ചു. കുടിച്ച് കുടിച്ച്... അപ്പനെ കണ്ട് മോനും കുടി തുടങ്ങിയിട്ടുണ്ട്. വീട്ടിലെവിടെയും കാശ് വയ്ക്കാനൊക്കത്തില്ല. എനിക്ക് കിട്ടുന്ന ശമ്പളം ഞാൻ എനിക്ക് പരിചയമുള്ള കടകളിലൊക്കെ കുറേശെയായി കൊടുക്കും. അതു പിന്നെ ആവശ്യത്തിനനുസരിച്ച് വാങ്ങും അതാണ് നേരത്തെ പോകുന്നത്.'

'പിന്നെ മോള് സ്കൂളിൽ നിന്നു വന്നാൽ ഒറ്റയ്ക്കാ. അതും നേരത്തെ പോകാൻ ഒരു കാരണമാണ്.

ഇനി ഞാൻ കൃത്യനിഷ്ഠ പാലിക്കാൻ ശ്രമിക്കാം സാർ'

'മാർഗരറ്റേ, എല്ലാവർക്കും ഇങ്ങനെ കുറേ വിഷമങ്ങൾ ഉണ്ടാകും. ശരിയുമായിരിക്കും. പക്ഷേ ഓഫീസിൽ ഇതിനൊന്നും യാതൊരു എക്സ്ക്യൂസും കിട്ടില്ല. ശരി എല്ലാ ദിവസവും ഉള്ള ഈ പോക്ക് നിർത്തിക്കോളും കേട്ടല്ലോ. ഉം... ശരി പോയ്ക്കോളൂ...'

മാർഗരറ്റ് ചേച്ചിക്ക് അധികനാൾ ആ 'കർശന' നടപടി പാലിക്കേണ്ടിവന്നില്ല. ജോലിയിലെ കൃത്യനിഷ്ഠയും അഴിമതി രഹിത സേവനവും ജീവൻ റാം സാറിനെ ആ ഓഫീസിൽനിന്നും മറ്റൊന്നിലേക്ക് തെറിപ്പിച്ചു.

ചേച്ചി ഇപ്പോഴും പഴയ ചേച്ചി തന്നെ.

●

കഥ



ബിന്ദു മാത്യു

# അമ്മ

വിവാഹം കഴിഞ്ഞ് ഒരുപാട് വർഷത്തെ പ്രാർത്ഥനയുടെയും വഴിപാടുകളുടെയും ഒടുവിൽ ചികിത്സയുടെയും ഫലമായി മണിയമ്മക്കും അഭയ് ലാലിനും മഞ്ഞിന്റെ കുളിരുള്ള ക്രിസ്മസ് രാത്രിയിൽ തങ്ങളുടെ ഗ്രാമത്തിലെ സർക്കാർ ആശുപത്രിയിൽ ഞാൻ ജനിച്ചു. സന്തോഷം അലയടിക്കുന്ന ആ രാത്രിയിൽ ഈ മകളുടെ മുഖം ഒന്ന് കാണുന്നതിനു മുൻപേ മണിയമ്മ യാത്രയായി. അഗ്നി അവളെ വിഴുങ്ങുന്നത് നോക്കി അഭയ് ലാൽ തന്റെ കുഞ്ഞിനെ ചേർത്ത് പിടിച്ച് നിന്നു.

എന്നാൽ ആറാം മാസത്തിൽ പരിപൂർണ്ണമായും ബോധ്യപ്പെട്ടു ഈ മകൾ ഊമയാണെന്ന്. പിന്നീട് ആ നെഞ്ചിലെ ചൂട് പറ്റി ഞാൻ വളർന്നു. കാലങ്ങൾ വളരെ വേഗം ഓടി മറഞ്ഞു. പതിനാലാം പിറന്നാൾ ദിനത്തിൽ ആദ്യമായി അച്ഛന് പായസം ഉണ്ടാക്കി കാത്തിരുന്നു ഈ ഊമ പെണ്ണ്. എന്നെ ചേർത്ത് പിടിച്ച് ഈ നെറ്റിയിൽ ചുണ്ടുകൾ അമർത്തിയപ്പോൾ പതിവില്ലാത്ത ഒരു കോരി പെരുപ്പ് അയാൾ വർഷങ്ങൾക്ക് ശേഷം തിരിച്ചറിഞ്ഞു.

അസ്ഥികളെ ചൂട് പിടിപ്പിക്കുന്നതും . എവിടെയാണ് ഒന്ന് ഇടിച്ച് നിർത്തുക ഈ ബ്രേക്ക് പൊട്ടിപോയ വണ്ടി. അയാൾ തല പുകഞ്ഞ് ആലോചിച്ചിരിക്കുന്ന വേളയിൽ കൊറോണ ഓടി വന്ന് തങ്ങളുടെ ഏറിയ ലോക്ക്ഡൗൺ പ്രഖ്യാപിച്ചു. എല്ലാവരും ഉള്ളത് കൊണ്ട് അവരവരുടെ കൂരയിൽ ചുരുണ്ട് കൂടി. എന്നാൽ ഒളിച്ചും പാത്തും മദ്യം ധാരാളം കിട്ടിയിരുന്നു പലരിൽ നിന്നും.

ഒരു രാത്രിയിൽ മിണ്ടാ പൂച്ചയുടെ മാനം കവർന്ന് തിന്ന് കളഞ്ഞു. നെഞ്ചോട് ചേർത്ത് വളർത്തിയ അച്ഛൻ തന്നെ. ഒന്ന് ഉറക്കെ കരയുവാൻ കഴിയാതെ ഞാൻ എന്റെ വേദനകൾ ഉള്ളിൽ ഒതുക്കി. മദ്യപിച്ച് വരുന്ന ഓരോ രാത്രിയും എനിക്ക് അതിക്രൂരമായി തോന്നി തുടങ്ങി.

എന്നാൽ ആത്മഹത്യ ചെയ്യാൻ ഞാൻ വല്ലാതെ ഭയന്നു. ഒരു ദിവസം അടുക്കള



യിൽ തലചുറ്റി വീണപ്പോൾ അച്ഛൻ ഒരുപാട് തല്ലി ഒപ്പം ശകാരങ്ങളും പ്രായം തെളിച്ചത് പറയാത്തത് കൊണ്ട്. അമ്മയുടെ മുഖം ഓർമ്മയില്ല. ഇതുവരെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്ത ആൾ തന്ന സമ്മാനം പുറത്തേക്ക് ചാടിവരാൻ തുടങ്ങിയപ്പോൾ ഞങ്ങൾ 'വരുണ'യിലേക്ക് താമസം മാറ്റി.



മിണ്ടാപ്രാണിയായ മകളെ ആരോ ചതിച്ചതാണെന്ന് പറഞ്ഞു പരത്തി അച്ഛൻ സമൂഹത്തിൽ നല്ലവനായി മാറി. ഗർഭാവസ്ഥയിലും അച്ഛന്റെ മദ്യത്തിന്റെ ഗന്ധം എന്റെ സകല നാഡികളേയും നക്കി തുടച്ചു.

2020 ഡിസംബറിലെ ക്രിസ്മസ് ദിനത്തിൽ ഞാനൊന്ന് തെന്നി വീണു. അയൽവാസികൾ 'ചിക്കാളി'യിലെ ആശുപത്രിയിൽ കൊണ്ട് പോയി. ഓപ്പറേഷനിലൂടെ ആ രാത്രിയിൽ പതിനഞ്ചാം വയസിൽ ഞാനൊരു അമ്മയായി.

ആ സമയം അവിടെ കിടന്ന് തല തല്ലി മരിക്കാൻ ഞാൻ ആഗ്രഹിച്ചു. പക്ഷേ എനിക്ക് എന്റെ അമ്മയിൽ നിന്ന് ലഭിക്കാത്ത സ്നേഹം എന്റെ കുഞ്ഞിന് നൽകാൻ ഞാൻ ഒരുപാട് ആഗ്രഹിച്ചു. ഓടി കിതച്ച് വന്ന അച്ഛൻ എല്ലാവരുടെയും മുന്നിൽ വെച്ച് എന്നെ കെട്ടി പിടിച്ച് നെറ്റിയിൽ ചുണ്ടുകൾ അമർത്തി പറഞ്ഞു കൊറോണക്കാലം ആയത് കാര്യമായി. ആശുപത്രിയിലും റോഡിലും ഒന്നും ആളുകളുടെ തിരക്കും ബഹളവും ഇല്ല. പിന്നെ നമ്മെ അറിയാത്ത ഈ ദേശക്കാർക്ക് ഈ മാസ്ക്കിനുള്ളിൽ തിരിച്ചറിയുകയുമില്ല.

ഒരാഴ്ചത്തെ ആശുപത്രി വാസം കഴിഞ്ഞ് അയാൾക്കൊപ്പം പോകാൻ ഞാൻ വീണ്ടും ഭയന്നു. എന്റെ അവസ്ഥ ആരോടും പറയാനും കഴിഞ്ഞില്ല, ചത്തു പോയ നാക്ക് പൊക്കി.

ആശുപത്രിയിൽ നിന്ന് മടങ്ങി വരുന്ന വേളയിൽ 'താന' യിലുള്ള അമ്മ തൊട്ടിലിൽ അയാൾ ആർത്തിയോടെ നോക്കുന്നത് കണ്ട് ഞാനെന്റെ മോളെ നെഞ്ചോട് ചേർത്ത് പിടിച്ച് കരഞ്ഞു. നിങ്ങൾ പറയുന്നതെല്ലാം ഞാൻ ഇനിയും അനുസരിക്കാം എന്റെ കുഞ്ഞിനെ എനിക്ക് തരണമെന്ന് ഞാനെന്റെ ആംഗ്യ ഭാഷയിലൂടെ പറഞ്ഞു. എന്നാൽ അത് കേട്ട് അയാൾ പൊട്ടി ചിരിക്കുന്നത് മരവിച്ച് പോയ ചെവിലൂടെ അകത്തേക്ക് തുളച്ച് കയറി. ആ രാത്രിയിൽ എന്റെ നെഞ്ചിൽ നിന്ന് കുഞ്ഞിനെ പറിച്ചെടുത്തിട്ട് അയാൾ എന്റെ കവിളിൽ കടിച്ചു കൊണ്ട് പറഞ്ഞു. ഒന്ന് പെറ്റുകഴിഞ്ഞപ്പോൾ നീ അങ്ങ് സുന്ദരിയായി. നമുക്ക് നമ്മൾ മാത്രം മതി എന്ന് പറഞ്ഞു കൊണ്ട് അയാൾ നടന്ന് ചെന്ന് അമ്മ തൊട്ടിലിലെ മാതാവിന്റെ മുന്നിൽ എന്റെ കുഞ്ഞിനെ വെച്ചിട്ട് അവിടെയുള്ള മണി പിടിച്ച് കുലുക്കിയിട്ട് ഒളിച്ച് നിന്നു. അൽപ്പം കഴിഞ്ഞ് ഒരു മദർ വന്ന് നോക്കിയപ്പോൾ അത്ഭുതത്തോടെ എന്റെ കുഞ്ഞിനെ വാരിയെടുത്ത് അകത്തേക്ക് കയറി.

അത് കണ്ടുകൊണ്ട് അയാൾ തന്റെ മടിയിൽ കരുതിയ മദ്യത്തിന്റെ അവസാനത്തെ ലഹരിയും അകത്താക്കി എന്റെ നേർക്ക് വരുന്നത് കണ്ടുകൊണ്ട് ഞാൻ 'കുട്ടാളി' പാലത്തിന്റെ മുകളിൽ നിന്ന് താഴേക്ക് ചാടി. ഒരുപാട് സ്നേഹത്തോടെ പുഴ എന്നെ ആലിംഗനം ചെയ്ത് അവരുടെ കൊട്ടാരത്തിലേക്ക് കൂട്ടി കൊണ്ട് പോയപ്പോൾ മുഴുവനും ഞാനെന്റെ കുഞ്ഞിനെ ഓർത്ത് സന്തോഷിച്ചു. ആ ദുഷ്ടൻെറ കൈയിൽ നിന്ന് രക്ഷിക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിച്ചു ദൈവപുത്രൻെറ പിറന്നാൾ ആഘോഷിക്കുന്ന മഞ്ഞിന്റെ കുളിരുള്ള ആ ക്രിസ്മസ് രാത്രിയിൽ..........

●

# നീ വന്നു നിൽക്കുന്നുവെന്ന്

നീ വന്നു നിൽക്കുന്നുവെന്ന്
മൂളക്കം പോലൊരു കാറ്റുപറഞ്ഞു
നിന്റെ നൊമ്പരങ്ങളുടെ
വിയർപ്പൂതി കടന്നുവന്നൊരാൾ.

നീ വന്നു നിൽക്കുന്നുവെന്ന്
പൊള്ളൽ പോലൊരു വേനൽച്ചൂടു പറഞ്ഞു
നിന്റെ നെടുവീർപ്പുകളുടെ
ചൂടു കടഞ്ഞുവന്നൊരാൾ.

നീ വന്നു നിൽക്കുന്നുവെന്ന്
മഞ്ഞു പോലൊരു കുളിർമഴ പറഞ്ഞു
നിന്റെ കണ്ണീർ മഴയുടെ
പെയ്ത്തിലൊരു കുടയുമായ് വന്നൊരാൾ.

നീ വന്നു നിൽക്കുന്നുവെന്ന്
മൂകരാഗം പോൽ കിളിയൊച്ചകൾ പറഞ്ഞു
നിന്റെ മൗനഭാഷയുടെ
പരിഭാഷക്കുറുപ്പുമായ് വന്നൊരാൾ.

നീ വന്നു നിൽക്കുന്നുവെന്ന്
നിന്നെപ്പോലൊരു നിഴൽ പറഞ്ഞു
കറുത്തുപോയ ഓർമ്മകളുടെ
നൂൽവലകളുമായ് വന്നൊരാൾ.

നീ വന്നു നിൽക്കുന്നുവെന്ന്
കള്ളംപോൽ എന്നുള്ളമെന്നോടു പറഞ്ഞു
ഒടുവിലത്തെ മറവിയുടെ
ന്യായശ്ശീലുമായ് വന്നൊരാൾ.





എ. കെ. അനിൽകുമാർ

# മഴ / കടൽ

കാറ്റിന്റെ ഗതിവേഗങ്ങൾക്കൊപ്പം
മേഘത്തേരുതെളിച്ചു
ഭൂമിയിലേക്കു ചെന്നിറങ്ങുന്ന
സഞ്ചരിയാണു മഴ.
മണ്ണിന്റെ ജരാനരകളെ
സംസ്കരിച്ചെടുത്തൊരു
മലർവാടിയൊരുക്കി,
മണ്ണിലേക്കിറങ്ങിപ്പോകാൻ കഴിയാതെ
ഭൂമിയിലുപേക്ഷിക്കപ്പെട്ട മഴയുടെ
കണ്ണീർ സ്മാരകമാണു കടൽ.



നസീം ചെന്ത്രാപ്പിന്നി

# അവൻ പിന്നെ അവളും

കവിത

അവൻ,
ഒരു സങ്കരമായിരുന്നു.
അവളുടെയും പിന്നെ അവന്റെയും.
അവൾ, അവൾ മാത്രവും.
ചോളത്തിൽ കുത്തി തിരുകി,
പാതിരി കുറിക്കും മുന്നേ
വരച്ചു ചേർത്ത് വച്ചു,
സനാതനധർമം.
പിന്നെന്തുണ്ടായി???
വികൃതവേഷങ്ങൾ തെരുവിൽ,
പെയ്കോലമാടി .
വളച്ചൊടിപ്പുകൾ,
മറച്ചു വയ്ക്കലുകൾ,
ഒടുവിൽ നിറങ്ങൾ പൂശി
അന്തസ്സിനു കൊടിക്കൂറ പണിതു.
പാവം, !!!!!
ചങ്ങലകൾ ആഭരണമാകവേ,
പ്രജ്ഞയറ്റ കരികളൊന്നാകെ
കീടങ്ങളായി അഹങ്കരിച്ചു.
പടലയിൽ കുത്തി രസിച്ചു,
തമോഗർത്തങ്ങളായി......
ഇരുമ്പിനെ നോക്കി ചിരിക്കും,
ഉരുക്കു പോൽ,
മൂഢനായി  അവനും.
രഥം പിന്നോട്ടുരുണ്ടു,
പിന്നോട്ട് പിന്നോട്ട്..
താളിയോലകൾ വിടരട്ടെ....
തെളിയട്ടെ,
മനുവിൻ സ്മൃതികൾ. !!!
തന്നിലെ പൂജ്യത്തെ തിരിച്ചറിയൂ,
സംപൂജ്യമാകട്ടെ.......
കാരണം,
അവൻ ഒരു സങ്കരമായിരുന്നു,
അവൾ അവൾ മാത്രവും.





ദീപ്തി കൈരളി

# മാഷ് വടി വെട്ടാൻ പോയിരിക്കുകയാണ്



കുമാരൻ മാഷ്.
ചന്തിക്കുമാരൻ എന്ന് ഇരട്ടപ്പേര്.
(അതിൻറെ കാരണം വഴിയേ പറയാം)

സാമൂഹ്യപാഠമാണ് ഇഷ്ടവിഷയം.

നെഹ്റു എത്ര നാൾ ഇന്ത്യ ഭരിച്ചോ, അതിൻറെ ഇരട്ടി വർഷങ്ങൾ
മാഷ് സാമൂഹ്യപാഠം പഠിപ്പിച്ചു.

ഹും!അങ്ങനെ പറയാൻ വരട്ടെ;
പഠിപ്പിക്കുന്നതിനേക്കാൾ
കൂടുതൽ സമയം മാഷ് വടിവെട്ടാനാണുപയോഗിച്ചത്.

ഗാന്ധിജീടെ ജനനവർഷം പോലും
മാഷ്ക്ക് ഓർമ്മേണ്ടാവില്ല.

പക്ഷേ ഒട്ടുമിക്ക ബാച്ചുകളിലേയും
ഉഴപ്പൻമാരുടെ തുടകളിലെ മറുകുകൾ
എല്ലാം ഹൃദിസ്ഥമായിരിക്കും.
കൈനഖങ്ങൾ മാത്രമുപയോഗിച്ച്
മാഷവിടെ ചിത്രപ്പണികൾ ചെയ്തുരസിക്കും.

ഇന്ത്യൻ സ്വാതന്ത്ര്യസമരം പഠിപ്പിക്കുമ്പോൾ മാഷ്
കാലകേയവധത്തിലെ അർജുനനാകും.

ഉത്തരം പറയാത്ത കുട്ടികൾ ഓരോന്നായി
ക്ലാസിനു വെളിയിലേക്ക് പോകും.
അസംബ്ലി മുറ്റത്തെ വെയിൽ
ക്യൂവിനെ ഏറ്റെടുക്കും.

കുമാരമ്മാഷടെ ക്യൂവിൽനിന്നവരാരും
വഴിപിഴച്ചു പോയിട്ടില്ല.

തികഞ്ഞ അച്ചടക്കത്തോടെ അവർ
ജീവിതകാലം മുഴുവൻ ക്യൂവിൽ നിന്നുകൊണ്ടേയിരിക്കും.



സുരേഷ് നാരായണൻ

# കുട



വാടിത്തളർന്ന
സങ്കടങ്ങൾ
പൊരിവെയിലത്തി നിയും
പൊള്ളിയടരാതിരിക്കാൻ..
പാതിവെന്ത ജീവിതത്തിൻ
ബാക്കിപത്രമെഴുതിയ
കടലാസു കഷ്ണങ്ങൾ
കണ്ണീർ മഴയിൽ
കുതിർന്നു കീറാതിരിക്കാൻ..
മനസ്സിൻ മാനത്തെ
വെളുത്ത സ്വപ്നങ്ങൾ
ഉരുണ്ടുകൂടിയ
കാർമേഘം പോൽ
കറുത്തു പോകാതിരിക്കാൻ..
വേണം എനിക്കൊരു കുട..
കണ്ണീർ മഴയിൽ ഞാൻ
നനയുമ്പോൾ
പനിച്ചു വിറക്കുന്നത്
എനിക്കല്ല
എന്റെ ഉറ്റവർക്കാണ്..
പൊരിവെയിലത്ത്
നഗ്നനായ് നിൽക്കുമ്പോൾ
ചുട്ടുപൊള്ളുന്നതും
അവർക്കാണ്..
എന്റെ ശിരസ്സിനും
ആകാശത്തിനുമിടയിൽ
എന്നെ മറയ്ക്കാൻ
എന്നിൽ നിന്ന് മറയ്ക്കാൻ
കുട വേണം..
എന്റെ കള്ളത്തരങ്ങൾ
അരുതായ്മകൾ
അഴിമതികൾ
എല്ലാം മറച്ചു പിടിക്കാവുന്ന
വട്ടക്കുട..
കുട
ഉള്ളുരുകുന്നവർക്കൊരു
തണലാണ്..
കരുതലാണ്
സാന്ത്വനമാണ്
സ്നേഹമാണ്..
കഴുകന്മാർക്ക്
ഒളിഞ്ഞിരിക്കാനുള്ള
ഉപകരണവും..
പൊള്ളുന്നവരേക്കാൾ
കള്ളന്മാർക്കാണ്
കൂടുതൽ
കുട പിടിക്കപ്പെടുന്നത്..
വേണം
ഈ നട്ടുച്ച ജീവിതത്തിൻ
തലക്കുമീതെ
എപ്പോഴും നിവർത്തിപ്പിടിക്കാൻ
ഒരു ഒന്നാന്തരം
കുട...



സെയ്തലവി വിളയൂർ



# നമുക്കിടയിൽ

എനിക്കും നിനക്കും ഇടയിൽ
പരസ്പരം ചോദിക്കാനുള്ള
ചോദ്യങ്ങളും
അവയെ കാത്ത്
ഉത്തരങ്ങളും
ഒളിച്ചിരിപ്പുണ്ട്
അതിനാലാവാം
നിന്നെ കുറിച്ച്
എഴുതുന്ന വരികൾക്കിത്ര
തിരുത്ത് വരുന്നത്
പരസ്പരം
മുഖം കൊടുക്കാതെ
ഇരു വഴികളിലായ്
വഴി പിരിഞ്ഞപോഴും
മനസ്സ് മാത്രം
നിന്നിലേക്ക്
ഇടയ്ക്കിടെ
തിരിഞ്ഞു നോക്കാറുണ്ട്
ഒരു നെടുവീർപ്പിന്റെ
പിൻബലത്തിൽ
ഓർക്കാറുമുണ്ട്
അപ്പോഴെല്ലാം
തീവ്രമായ
സ്വപ്ന ഭംഗത്തിന്റെ
കുത്തൊഴുക്കിൽ
നീ മറുതീരം
തേടുന്നത്
കണ്ടില്ലന്ന് നടിക്കാറുമുണ്ട്
പ്രിയമെ
നിന്റെ കണ്ണിലെ
നിലാവിന്റെ
അവകാശി
കാത്തു നിൽക്കുമ്പോൾ
പടിഞ്ഞാറ്റുപോകുന്ന
വസന്തത്തിലേക്ക്
നിന്നെയൊരിക്കലും
എനിക്ക്
വിരുന്നു വിളിക്കാനാവില്ല
അതിനാൽ
കെട്ടുപിണഞ്ഞു കിടക്കുന്ന
പരിഭവങ്ങളെ
പൊള്ളുന്ന
ജീവിതത്തിന്റെ
ബലിക്കടവിൽ വച്ച്
ശ്രാദ്ധ മുട്ടുക..



മഞ്ജു സുഭാഷ്

കവിത



# മരണശേഷം

പുലർച്ചെ, നിനക്ക് ഒരു വെള്ളവസ്ത്രം.
പുറമെ, രക്തവർണ്ണമുള്ള പട്ട്.
കണ്ണുനീരിന്റെ, പതംപറച്ചിലുകളുടെ പ്രവാഹം.

ഒടുവിൽ, റീത്തുകൾ വന്ന് തുടങ്ങി.
ജമന്തിയും,മുല്ലപ്പൂവും ചൂടി,
വർണ്ണാഭമായ മേൽവിലാസങ്ങളണിഞ്ഞ്,
അവ നിന്റെ മേൽ പറന്നിരുന്നു.
നിന്റെ ശരീരം മറ്റൊരു പൂന്തോട്ടമായി.

നടന്ന്ക്ഷീണിച്ച സൂര്യൻ തന്റെ ചുവന്ന
തൂവാലയാൽ മുഖമൊപ്പി.
ആരോ നിന്റെ ശരീരത്തിലെ
നിറങ്ങൾ അടർത്തിയെടുത്തു.
ഭാരങ്ങളില്ലാതെ, അക്ഷീണനായി
പരിവാരങ്ങളില്ലാതെ, ഏകനായി
നീ ജ്വലിക്കാൻ തുടങ്ങുന്നു.


പൂക്കളുടെ സുഗന്ധമില്ലാത്ത,
വർണ്ണക്കടലാസുകളുടെ താരുണ്യമില്ലാത്ത,
ഒരു ആൽമരത്തൈ, ഇരുട്ടിൽ
നിനക്ക് മീതെ ഞാൻ നടുന്നു.

വളരുമ്പോൾ,സുഗന്ധത്തെക്കാൾ
ഹൃദ്യമായ തണൽ.
കാറ്റിലുലയാതെ നിൽക്കുമ്പോൾ,
താരുണ്യത്തെക്കാൾ
ശോഭിക്കുന്ന ഗാംഭീര്യം.
അഭയത്തിന്റെ നൂറായിരം
കിളിക്കൂടുകൾക്കൊരമ്മത്തൊട്ടിൽ.

മഴയിൽ,കെട്ടപ്പെട്ട ചരടിൽ നിന്ന്
പൂക്കൾ വേറിട്ടൊഴുകുന്നു.
കുഴിയുന്ന മണ്ണിൽ മേൽ-
വിലാസങ്ങൾ താഴ്ന്നു പോകുന്നു.
എന്റെ തൈ വളരാൻ തുടങ്ങിയിരിക്കുന്നു.



സോണിവർഗീസ് വാരനാട്




കവിത

# ചിതലുകൾ



ശ്രീജ വാരിയർ

എരിഞ്ഞൊതുങ്ങിയ കുഴിമാടം
മാടിവിളിച്ചപ്പോൾ
ഓടിക്കിതച്ചെത്തിയത്
ഒന്നൊളിക്കാനായിരുന്നു

കാർന്നു തുരന്ന് ഉള്ളിലെത്തിയപ്പോൾ കണ്ടത്
അസ്ഥികൾ ചേർത്തൊരുക്കിയൊരു
നഗ്നചിത്രം മാത്രമായിരുന്നു

വിശപ്പിന്റെ വിളിയിൽ
വീണ്ടും നടന്നപ്പോഴാണ്
അസ്ഥികൾക്കിടയിൽ ആ തെളിച്ചം കണ്ടത്

പൂവിടാതെ, എരിഞ്ഞടങ്ങിയ
സ്വപ്നങ്ങൾ കാച്ചിക്കുറുക്കി
ഉരുക്കി ചേർത്തൊരു ഹൃദയം

അടിച്ചമർത്തിയതേങ്ങലുകൾ
പൊട്ടിയൊലിച്ച്
വികൃതമായൊരു തേജസ്സ്

കാർന്നുതിന്നാതെ, ചോർന്നൊലിക്കാതെ
കാത്തു വെച്ചിട്ടുണ്ട്
സ്നേഹത്തിൻ കരിമ്പടം പൊതിഞ്ഞ്
അടുത്ത ജന്മം പിറവിയെടുക്കുന്നതും കാത്ത്




# ജീവിതം തന്നത്

ജീവിതമേ നീ എന്തുതന്നു?..
കണ്ടു പേടിക്കാൻ കനവുതന്നു
ദാഹമാറ്റാൻ കണ്ണീർ പെയ്തുതന്നു
മൂടിപ്പുതയ്ക്കാൻ,മാനക്കേടുതന്നു
ഉണ്ടുറങ്ങീടാൻ വെറുപ്പുതന്നു
നടന്നുറയ്ക്കാൻ മുൾപ്പാതതന്നു
ചിരിക്കുവാനായിരം നോവുതന്നു
മിണ്ടുവാൻ നാവു പൊള്ളിച്ചുതന്നു
പ്രണയ മുറിവിൽ ചാലിച്ചിടാനായ്
ഉപ്പുപരലു കുറുക്കി തന്നു
പാതിരാക്കോഴി കൂവുന്നതുംകാത്തു
സൗഹൃദം വഴിയിൽ വിളിച്ചുതന്നു

ജീവിതമേ നീ എന്തുതന്നു?..
മുനയുള്ള കല്ലിൻ,യേറുതന്നു
തലവരയിൽ തെറി വരഞ്ഞുതന്നു
പന്തിയിൽ ബോധം വിളമ്പിതന്നു
ചിന്തയിൽ കലഹം പകുത്തുതന്നു
കണ്ണില്ലാ നീതിതൻ കനിവുതന്നു
കപട ലോകത്തിൻ വിഴുപ്പുതന്നു
ചുണകെട്ട യൗവ്വനചൂരുതന്നു
പെരുവിരൽ ചോദിച്ച ഗുരുവെ,ത്തന്നു
നെറികെട്ട ഇന്നിന്റെ നേരുതന്നു
നിലയില്ലാ കാലത്തിൻ ഭ്രാന്തുതന്നു
താഴില്ലാ ചങ്ങല പണിതുതന്നു

ജീവിതമേ നീ തന്നതിനൊക്കെയും,
പകരമായ് ഞാനെന്തു തിരികെനൽകും?
കരഞ്ഞു കത്തുന്നൊരെൻ കവിതയിതാ...




കെ. സന്തോഷ്

# പ്രണവ പ്രവാഹം



ബിന്ദു പത്മകുമാർ



പ്രണവാക്ഷരങ്ങളേ..
പ്രവാഹമായെത്തിയെൻ
നെഞ്ചിലെ
സ്നേഹ നീഢത്തിലമരൂ ..
ഗ്രീഷ്മ തപം ചെയ്തിരിക്കുമെൻ
ആത്മാവിൽ നിറയൂ..
ജീവന്റെ രക്തമായ്
സിരകളിൽ പടരൂ..
ഉലയും മനസ്സിന്റെ
ആഴങ്ങളിലൊരു
ജലശംഖനാദമായ്
തുയിലുണരൂ..
അഴലിന്റെ വിപിനത്തിൽ
അലയുന്ന ഭൈമി തൻ
വിരഹതാപത്തിലെന്നെ നീ
ചുട്ടെരിക്കൂ..
മയിൽപ്പീലിക്കനവായി
പെറ്റുപെരുകി യൊരു
കവിതയായെന്നിൽ
പുനർജ്ജനിക്കൂ..
നൊമ്പരച്ചിറകുകൾ
പതിയെ കുടഞ്ഞെന്റെ
തൂലികത്തുമ്പിൽ
വീണടരൂ
പാതിവഴിയിലിടറി
വീഴാതെന്റെ
ഇരുൾ വഴി നീളെ നീ
തിരിതെളിക്കൂ..

# രണ്ട് കവിതകൾ

## ഒരു കവിയുടെ ജാതകം.

ഇടിമിന്നലിന്റെ ഗർഭപാത്രത്തിൽ
കൊടുങ്കാറ്റിറ്റിച്ചു പോയ
വിത്താണ് നീ.
നിനക്ക്
ജീവനം കലാപം
അപമൃത്യുവിന്റെ ജാതകം ............

## പാബ്ലോ നെരുദ

മാലാഖയുടെ മോതിര വിരൽ മുറിഞ്ഞ ദിവസമാണ്
പാബ്ലോ നെരുദ
ഏറ്റവും
വിഷാദ ഭരിതമായ വരികളെഴുതിയത്.
പറുദീസയിലെ പൂക്കൾ ചുവന്നതും അന്നാണ്....



എം. കപിൽദേവ്



# കൊടുങ്കാറ്റ്

മാറ്റം അധികമില്ലാതെ
ഒരേനില്പ് നിന്നൂ വന്മരങ്ങൾ
കൊടുങ്കാറ്റെത്തും വരെ.

അതുവരെ
അടക്കിപ്പിടിച്ച
രോഷം മുഴുവനും
പൊട്ടിത്തെറിക്കലിൻ
പ്രകമ്പനത്തിൽ
മൊഴിമാറ്റി
കാട്ടുനൃത്തം ചവിട്ടും മരങ്ങൾ.

കുതികുതിച്ചെത്തും
മഴയിൽ
നിവർന്നു കുളിച്ചൂ മരങ്ങൾ.

നാളിതുവരെ
വേരിന്റെ പ്രയത്നത്തിൽ
പച്ചിലകൾ
മുകിലിനു
തീർത്ഥം നീട്ടിയത്
കുളിരിന്റെ കരുതലിൻ
നീരാട്ടിനായ്.

തോറ്റം പാട്ടുയരുന്നു
മേഘത്തിൻ
കൂട്ടിമുട്ടലുകൾ നിറയുന്നു
തുടിച്ചെണ്ട മുറുകുന്നു
നടരാജനുമുണ്ടാവും
കിരാതനൃത്ത
ബഹുഘോഷം.

ഉള്ളിലൊരു
കൊടുങ്കാറ്റുയരാത്ത
കവിത പോൽ നില്പാണ്
കൊടുങ്കാറ്റിട്ടേച്ചു പോകും മരങ്ങൾ
മനുഷ്യരെ പോലെ.



ടി.പി. രാധാകൃഷ്ണൻ

കവിത

# പെണ്ണൊഴുക്ക്...



പുഴയായൊന്നു നിശബ്ദം ഒഴുകണം....

മേഘക്കൂട്ടങ്ങളുടെ ഗർഭപാത്രത്തിൽ
മരവിക്കും തണുപ്പിനെ വാരിപ്പുതച്
മഴമേഘങ്ങളുടെ മറുപിള്ളക്ക് മുൻപേ
കൊള്ളിയാന്റെ പൊക്കിൾകൊടിമുറിച്ചു
മണ്ണിന്റെ മാറിലെ മുലപ്പാൽ നുകർന്നു
മണലാഴങ്ങളിൽ നീന്തിത്തുടിക്കണം.....

പെണ്ണാവുന്നതിനു മുന്നേ
പരൽമീനുകൾക്കൊപ്പം
കാണാക്കയങ്ങളിൽ
നീന്തിക്കളിക്കണം....

നാണം കൊലുസണിഞ്ഞവളുടെ,
ഇരുവശവും നിന്ന കണ്ടലും കൈതയും
ഒഴുക്കിനിടയിൽ
കൈപിടിച്ചൊപ്പം കൂട്ടുന്ന
പർവ്വത പൗരുഷ വീരഗാഥകൾ
ചെവിയിൽ മന്ത്രിക്കണം....

അതുകേട്ടു നാണം വിടർന്നവളുടെ
നീല ദാവണിക്കുള്ളിലൂടെ
കുഞ്ഞൻ മീനുകൾ
ഇക്കിളി കൂട്ടി ചിരിപ്പിക്കണം....

കൂട്ടിനെത്തുന്ന കുഞ്ഞരുവികളോടൊപ്പം
പ്രണയം തുടിക്കുന്ന നെഞ്ചുമായ്
രാപ്പകലില്ലാതെ ഒഴുകി
കാണാൻ കൊതിച്ച
പ്രിയനരികിലെത്തുമ്പോൾ
ചിറ്റോളങ്ങളാൽ
കാൽവിരൽക്കൊണ്ട് കളമെഴുതണം....

അവന്റെ ബീജമൊന്നിനെ ഗർഭം ധരിച്ചു
വെള്ളാരംകല്ല് കുഞ്ഞിനു ജന്മം നൽകി
അവനരികിലായ് കിടത്തി
പിന്നെയും സ്വസ്ഥം
ഒട്ടുദൂരം ഒഴുകിത്തീരണം....



വിനീത ബിജു



# കണ്ണീരുപ്പ്



സുനിൽരാജ്സത്യ

കണ്ണീർ തുടയ്ക്കുക പ്രിയസഖീ നീ... കരളുരുകുന്ന വേദനകൾ-
മറവിയുടെ കയങ്ങളിലെറിയുക.
ജീവിത പാതകൾ ബഹുദൂരം മുന്നിലുണ്ടതിലേറെ സഞ്ചാരം ചെയ്യ്ക വേണം

കവിളുകൾ, നീർച്ചാലായി മാറ്റിടൊല്ലേ...
കുടുംബവിളക്കിൻ തിരിയിതല്ലേ..?!
ഗദ്ഗദം തൂവി മൊഴിഞ്ഞിടല്ലേ... കവിതകൾ പാടി തരേണ്ടതല്ലേ...!?

പിരിഞ്ഞതല്ലല്ലൊ നാം, രണ്ടു ദിക്കിലേക്കും-
ചരിഞ്ഞു നിൽക്കുന്ന മരങ്ങൾ മാത്രം!
പ്രണയകാറ്റോർമ്മയിൽ വീശിടുമ്പോൾ-
ശിഖരത്താൽ കെട്ടിപ്പുണർന്നിടുവോർ..!

കൊടുംവെയിൽ വന്നാലും,
പ്രളയം പടർന്നാലും,
കടപുഴകാതെ നാം നിന്നു പോകും
നമ്മിൽ വസന്തം വിടർത്തും ചിനപ്പുകൾ-
ഹരിത പ്രണയത്തിൻ ലാസ്യഭാവം

ഒരു മഴ തോരാതെ പെയ്യുന്ന രാക്കാലം-
തളരാതെ നിന്നിൽ പടർന്നിറങ്ങും.
ഇന്നു നീ വാർത്തൊരാ കണ്ണീർ ലവണങ്ങൾ
എന്നധരത്താൽ കവർന്നെടുക്കും

അതുവരെ പ്രിയസഖീ കരയാതിരിക്കുക..,

കണ്ണീർ തുടയ്ക്കുക...,
കരളുരുകുന്ന വേദനകൾ മറവിയുടെ കയങ്ങളിലേക്കെറിയുക...!

# ചുടുകാറ്റ്



വിനോദ്.വി.ദേവ്.

ഒരു ചുടുകാറ്റ്
മുഞ്ഞി നിറയെ ചിരിയുമായി
വയൽപ്പൂവിനെ മൊത്തിയും
വേലിച്ചെടിയിൽ പടർന്നും
കൈതത്തുഞ്ചത്തുലഞ്ഞും
മണൽവഴിയിൽ തെന്നിയും
നീരരുവിയിൽ കുളിച്ചും
ഓണക്കിളിയെ പുണർന്നും
മാമലയെ ചുറ്റിയും
അമ്പലനടയിൽ
പന്തലിടുന്ന
മാമരനിഴലിൽ ഇരുന്നും
കവുങ്ങുകളിൽ കയറിയും
വെറ്റില നീട്ടിത്തുപ്പി
നാടൊട്ടുക്ക് കറങ്ങിയും
പേരാറിന്റെ കരയിൽ
ഉത്രാടസന്ധ്യയ്ക്ക്
തിരുവോണ നിലാപ്പൂവിനെ എഴുതി
മലയാണ്മയുടെ കാലിൽ തൊട്ടുതൊഴുന്നു.

ഒടുവിൽ ,
ഭൂഗോളമുറിയുടെ
താക്കോൽ
തിരിച്ചേൽപ്പിച്ച്
സഹ്യന്റെ നെറുകയിലേക്ക്
നടന്നുമറയുന്നു.





# മീനുകൾ പ്രണയിക്കാറുണ്ടോ ?

മീനുകൾ
പ്രണയിക്കാറുണ്ടോ ?
പ്രണയമീനുകൾ
കടലാഴങ്ങളിൽ
അടയാത്ത കണ്ണുമായ്
നോക്കിയിരിക്കാറുണ്ടോ ?

ഉച്ചവെയിലിന്റെ
തീഷ്ണകിരണങ്ങൾ
കടലാഴങ്ങൾ താണ്ടി
അടിത്തട്ടിലെത്തുമ്പോൾ
സന്ധ്യവിരിയും,
അപ്പോൾ
അതിരുകൾ മറന്ന്
പ്രണയമീനുകൾ
ഉമ്മവെക്കും
ആലിംഗനത്താൽ


തിരയെ തട്ടിമാറ്റി
വേട്ടയുടെ വന്യതയിൽ
ചൂണ്ടയുടെ ക്രൗര്യം
പ്രണയമീനുകളെ
മോഹചിത്തരാക്കും

ചൂണ്ടത്തിളക്കത്തിൽ
പ്രതീക്ഷയുടെ
പൂക്കൾ കാണും
ആദ്യമായ് ആകാശം
സ്വപ്നം കാണും

ഇണയെ മറന്ന്
ഇരയാകുന്നുണ്ട്
പ്രണയ മീനുകൾ
കടലാഴങ്ങളിൽ നിന്ന്
ഉയർത്തെഴുന്നേൽപ്പിന്റെ
ആകാശം കാണുമ്പോൾ.
.



**സുനി**



# പരാജിതരുടെ നിഘണ്ടു

അമ്പ്;
തന്റെ ഹൃദയം
തുളച്ചുപോകെ;
പ്രണയമെന്ന്
ആശ്ചര്യപ്പെട്ട്
പിടഞ്ഞുവീഴുന്ന
പക്ഷികളുടെ മരച്ചുവട്..

കാറ്റ്
കടന്നുവരുന്നത്;
പൂക്കൾ കൊഴിക്കാൻ
കൂടിയാണെന്ന്
ഓർക്കാതെ,
വെയിലത്ത്
നിൽക്കുന്ന മരം...

ശബ്ദം കേട്ടോടിവന്ന്;
ഒടിഞ്ഞ ശിഖരങ്ങളെ,
ജീവനറ്റ പക്ഷിയെ,
ഒടുവിൽ,
കടപുഴകിയ
മരത്തെത്തന്നയും,
കാണേണ്ടിവരുന്ന
കുട്ടി...

ചൂണ്ടക്കൊളുത്തിൽ
കൊരുക്കപ്പെട്ട്;
'വരല്ലേ'യെന്ന്
നിശബ്ദമായി
പറഞ്ഞുകൊണ്ടിരിക്കുന്ന
മണ്ണിരയിൽനിന്ന്,
'വരൂ വരൂ' എന്നുമാത്രം
വായിച്ചെടുത്ത്,
നീന്തിയെത്തുന്ന
മീൻ...

ലോകത്തെ,
അവനവന്റെ
ഭാഷയിലേക്ക്
വിവർത്തനം
ചെയ്യാൻ ശ്രമിച്ച്,
പരാജയപ്പെടുന്നവരുടെ
നിഘണ്ടുവിലാണു
നമ്മളിപ്പോൾ...



സുധീഷ്സുബ്രഹ്മണ്യൻ.



# വിഷുക്കണി

കെ.ആർ സുശീലൻ

കൊന്ന പൂത്തു,
കണ്ണനുണ്ണിക്കു മുന്നിൽ
പൊന്നരഞ്ഞാണം!

വെയിൽ കൊണ്ടനാളിബ
ന്നോർമ്മയായ്
കൊന്ന ധന്യയായ്
നിന്നു!

കണ്ണ,നിന്നിലർപ്പിക്കുവാൻ
പുതുവസ്ത്രവും
വാൽക്കണ്ണാടിയും
ഫലജാലവും!

ഋതു കീറി മുറിക്കവേ
പരിതോഷം പൂണ്ട ഹൃത്തടം,
തരുമീ ദക്ഷിണ ദേവ നീ
പരിപൂർണം സ്വീകരിക്കുക:

വരുമോ വേനലനന്തമായ്
തരുമോ വർഷമനാരതം
ഋതു പൂക്കളണിഞ്ഞുമേദിനി
തരുമോ നവ്യഫലങ്ങളും ?

വനമാലയണിഞ്ഞ നിൻ
കുഴലും ഗോകുലജാലവും,
ഹലമേന്തിയ രാമനാൽ
ഉഴുതീടും വയലൊക്കെയും
വിളയും പുണ്യ ജലത്തിനാൽ,
ഗുരുവായ് നില്ക്കുക കൃഷ്ണ നീ !



# നീലാംബരിയിൽ രാഗം പാടുമ്പോൾ...

ആത്മാവിൻ കെടാതിരി !
അനന്തമായ കടലോളം
ഓർമ്മകൾ
ബാക്കിനിൽക്കുന്നു.
വിസ്മൃതിയിൽ
തോരാതെ
മഴ നനഞ്ഞു പെയ്യുന്നു

കടലേ !
അനന്തമായ ഓർമ്മകൾ
പേറും ആഴമേ !

എത്ര പിടിച്ചു നിർത്തിയിട്ടും
ഈ കുറിപ്പ് നിനക്കെഴുതാതിരിക്കാൻ
കഴിയുന്നില്ലല്ലോ !

എത്ര അമർത്തി ചവിട്ടിയിട്ടും
എന്നാത്മാവ് നിന്നിൽ .
കെട്ടുപോകുന്നില്ലല്ലോ !

എത്ര ആഴത്തിൽ നീന്തിയിട്ടും
നിന്നോർമകൾ
മുങ്ങിപോകുന്നില്ലല്ലോ..!

ചിലതെല്ലാം ഇങ്ങനെയാണ് ..
ഒരിക്കൽ ,
ചേർത്ത് പിടിച്ച
ശ്വാസം പോലെ
ചേർന്നൊഴുകിയ
നദിയോരം പോലെ
ചേർന്ന് കൊളുത്തിയ
നിലവിളക്കു പോലെ ...



കെ വി സുമിത്ര

ആത്മാവിന്റെ കെടാതിരി ..!
നീയെന്നുമെനിക്ക്
പാതിജീവൻ ..
നീയെന്നുമെനിക്ക്
പാതിഭാഗം..

ഇനിയും
കടലെടുത്തു പോകാത്ത
കെട്ടുപോകാത്ത
തീപ്പെട്ടെരിയാത്ത
ആ വസന്തഋതുവിൻ
നീലാംബരിയിൽ ...
നിത്യാനുരാഗലയത്തിൽ...